# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

## GMMGHSS പാലക്കാട്



GMMGHSS PALAKKAD

# ആമുഖം

2024-25 അധ്യയന വർഷത്തെ GMMGHSS പാലക്കാടിന്റെ അക്കാദമിക രംഗം, ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിൻ്റെ ഉൽപ്പന്നമായ അക്കാദമിക് മാസ്റ്റർ പ്ലാനിൻ്റെ പ്രകാശനത്തോടൊപ്പം ഒരു കുതിച്ചുചാട്ട ത്തിനു ഒരുങ്ങുകയാണ്. വരുംവർഷത്തേക്കുള്ള ഒരു വഴികാട്ടി മാത്രമല്ല, മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാലയത്തിന്റെ പ്രതിബദ്ധതയുടെ തെളിവും കൂടിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയ ത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

## എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ ?

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപരേഖപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു ണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ 2024-25 അധ്യയന വർഷ ത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്ന തിനും മുഴുവൻ വിദ്യാർത്ഥികളെയും പഠന പ്രക്രിയയിൽ ഉൾപ്പെടുത്തു ന്നതിനുമായാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

## മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലെ ഘട്ടങ്ങൾ

പദ്ധതിയുടെ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നമ്മുടെ മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി രണ്ടു ദിവസത്തെ മാസ്റ്റർ പ്ലാൻ ശില്പശാല സംഘടിപ്പിച്ചു. ഈ ശില്പശാല മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

### അക്കാദമിക് മാസ്റ്റർ പ്ലാനിൻ്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം

വ്യക്തവും സമഗ്രവുമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടായി രിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപകരെ ബോധവൽക്ക രിക്കുക ലക്ഷ്യമിട്ട് മെയ് മാസം ഒന്നാംവാരം ശില്പശാല സംഘടിപ്പിച്ചു. വ്യക്തമായ ആസൂത്രണം കൊണ്ട് മാത്രമേ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്താൻ സാധിക്കൂ എന്ന കാര്യം ശില്പ ശാലയിൽ ഊന്നിപ്പറഞ്ഞു

## ആശയങ്ങളുടെ 'ബ്രെയിൻ സ്റ്റോമിങ്' (Brain storming)

മാസ്റ്റർ പ്ലാനിൻ്റെ ആവശ്യകത ബോധ്യപ്പെടുത്തിയ ശേഷം, ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാം എന്നതിനുള്ള ഒരു കൂട്ടായ ചർച്ച സംഘടിപ്പിച്ചു. അധ്യാപകരെ

GMMGHSS PALAKKAD

അവർ കൈകാര്യം ചെയ്യുന്ന വിഷ യങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ച ചെയ്തത്. കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഗുണപരമായ നൈപുണികൾ ആർജ്ജിക്കാനോ മെച്ചപ്പെടുത്താനോ കഴിയുന്ന തരത്തിലുള്ള പുതുമ യുള്ളതും ക്രിയാത്മകവുമായ പരിപാടികളും പ്രവർത്തനങ്ങളും ഉൾപ്പെ ടുത്താൻ പ്രത്യേകം നിർദേശം നൽകി. ഉൾപ്പെടുത്തുന്ന പ്രവത്തനങ്ങൾ സമഗ്രവും മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോടും സാഹചര്യങ്ങളോ ടും പൊരുത്തപ്പെടാൻ പര്യാപ്തവുമാണെന്ന് ഉറപ്പാക്കി. ഒപ്പം ഭിന്നശേ ഷിക്കാരായ കുട്ടികൾക്ക് കൂടി പങ്കെടുക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തി.

## ഘടനയെക്കുറിച്ചുള്ള ചർച്ച

ഓരോ സബ്ജക്ട് കൗൺസിലിന്റെയും ക്ലബ്ബുകളുടെയും പ്രവർത്ത നങ്ങൾ എഴുതി തയ്യാറാക്കുമ്പോൾ ഏ ഏകീകൃതരൂപം ഉണ്ടാവുന്നതിനായി പ്ലാൻ തയ്യാറാക്കുന്നതിൻ്റെ ഘടനയെക്കുറിച്ച് കൃത്യമായ ധാരണ നൽകി. പ്രവർത്തനത്തിന്റെ/പരിപാടിയുടെ പേര് (Title), പരിപാടി എന്താണ് എന്ന ഒരു ചെറുവിവരണം, പ്രവർത്തനത്തിലൂടെ കുട്ടി ആർജിക്കുന്ന നേട്ടങ്ങൾ (Expected Outcome), പ്രവർത്തനം എങ്ങനെ നടത്തുന്നു എന്ന് വ്യക്തമായി വിവരിക്കുന്ന പ്രക്രിയ (Process), പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് (Budget), പ്രവർത്തന കാലാവധി (Duration), തിയ്യതി (Date), വേദി (Venue), ചുമതല വഹിക്കുന്ന അധ്യാപകർ (Teachers In Charge) എന്നിവ യാണ് പൊതുഘടനയിൽ ഉൾപെടുത്താൻ തീരുമാനിച്ചത്.

## പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ പ്രാധാന്യം (Importance of Expected Outcome)

മാസ്റ്റർ പ്ലാൻ വർക്ക്ഷോപ്പിൽ ഏറ്റവും പ്രാധാന്യത്തോടെ ഊന്നി പറഞ്ഞ കാര്യം 'പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ' (Expected Outcome) പ്രാധാ ന്യത്തെക്കുറിച്ചായിരുന്നു. കുട്ടികൾക്കായി നടത്തുന്ന ഓരോ പ്രവർത്തന ങ്ങൾക്കും പരിപാടികൾക്കും അവസാനം ഇത് കൊണ്ട് കുട്ടികൾക്ക് എന്ത് പഠനനേട്ടം / ശേഷി / നൈപുണ്യം കൈവരിക്കാൻ സാധിക്കുന്നുഎന്നത് മുൻകൂട്ടി മനസ്സിലാക്കിയശേഷം മാത്രം ഉചിതമായ പരിപാടി കൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു. വിദ്യാഭ്യാസപരമായ പഠന നേട്ടങ്ങൾക്ക് പുറമെ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന Outcomes മുന്നിൽ കണ്ടു കൊണ്ടുള്ള പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജക്ട് കൗൺസിലു കളും ആസൂത്രണം ചെയ്തിട്ടുള്ളത്.

## പ്രക്രിയ (Process)

ആസൂത്രണം ചെയ്ത പരിപാടികളും മായി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി പ്രസ്തുത പ്രവർത്തനങ്ങ ളുടെ വിശദമായ പ്രക്രിയ (Process) എഴുതി തയ്യാറാക്കി പ്ലാനിൽ ഉൾപ്പെ ടുത്തി.

GMMGHSS PALAKKAD

## ബഡ്ജറ്റ് (**Budget**)

ഓരോ പ്രവർത്തനങ്ങൾക്കും ചെലവ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് 2 ഏകദേശ സാമ്പത്തിക

## കാലാവധി (**Duration**)

ഓരോ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ എടുക്കുന്ന സമയം മണിക്കൂർ ആയോ, ദിവസം/ ദിവസങ്ങൾ ആയോ ആഴ്ചകൾ ആയോ,മാസങ്ങൾ ആയോ രേഖപ്പെടുത്തിയിട്ടുണ്ട്.

## തീയതി (**Date**)

കാലാവധിക്ക് പുറമെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ദിവസം (തീയതി) പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നിൽ കൂടുതൽ ദിവസം നീണ്ടു നിൽക്കുന്ന പരിപാടികളാണെങ്കിൽ പരിപാടിയുടെ ആരംഭദിവസം പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്.

## പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം (**Number of students involved**)

ഓരോ പ്രവത്തനങ്ങളും ആസൂത്രണം ചെയ്യുന്ന സമയത്ത് തന്നെ അതിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തി യിട്ടുണ്ട്.

## ചുമതല വഹിക്കുന്ന അധ്യാപകർ (**Teachers in Charge**)

ആസൂത്രണം ചെയ്ത ഓരോ പരിപാടികൾക്കും നേതൃത്വം നൽകാ നുള്ള അധ്യാപകർ ആരെന്ന് പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്. വിശദമായ മാസ്റ്റർ പ്ലാനിന് പുറമെ, ഓരോ മാസത്തെയും പ്രവർ ത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ / കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ അക്കാദമിക് കലണ്ടർ മാതൃകയിലാണ് ഇത് തയ്യാറാക്കി യിട്ടുള്ളത്.

GMMGHSS പാലക്കാടിന്റെ അക്കാദമിക് മാസ്റ്റർ പ്ലാൻ വെറും ഒരു രേഖ മാത്രമല്ല, ഇവിടുത്തെ വിദ്യാർത്ഥികളുടെയും സ്ഥാപന ത്തിന്റെയും ഭാവി ദർശനമാണ്. ഈ പദ്ധതിയുടെ ഓരോ ഘട്ടത്തിലും (ബോധവത്കരണം, ആശയവിനിമയം, ഘടന ചിട്ടപ്പെടുത്തൽ, ആസൂത്രണം ചെയ്യൽ) ഉണ്ടായ ഞങ്ങളുടെ അധ്യാപകരുടെ സഹകരണവും അർപ്പണ മനോഭാവവും കൂട്ടായ പരിശ്രമവുമാണ് ഈ പരിവർത്തന യാത്രയ്ക്ക് ഞങ്ങളെ സജ്ജരാക്കുന്നത്. വ്യക്തമായ ലക്ഷ്യങ്ങളും ചിട്ട യായ നടപ്പാക്കലും മികവിനോടുള്ള പ്രതിബദ്ധതയും കൂടിച്ചേരുമ്പോൾ GMMGHSS പാലക്കാട് അക്കാദമിക നേട്ടത്തിലും സമഗ്ര വികസനത്തിലും പുതിയ ഉയരങ്ങൾ കൈവരിക്കാൻ തയ്യാറാവുകയാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപകരും, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപക-അനധ്യാപകരും, പരിപൂർണ പിൻതുണ നൽകുന്ന പി.ടി.എ.യും, വേണ്ട ഭൗതിക സൗകര്യങ്ങളെല്ലാം ഒരുക്കി തന്ന് പൂർണ പിന്തുണ നൽകുന്ന സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയുമാണ് മുന്നോട്ടുള്ള പ്രയാണത്തിൽ ഈ

GMMGHSS PALAKKAD

വിദ്യാലയത്തിന്റെ കരുത്ത്. മുന്നോട്ട് പോകുമ്പോൾ, ഈ മാസ്റ്റർ പ്ലാനിൽ വിവരിച്ചിരിക്കുന്ന ആഗ്രഹങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഞങ്ങളുടെ അദ്ധ്യാപകർ, പി.ടി.എ, വിദ്യാർത്ഥികൾ, അനധ്യാപകർ, പൂർവവിദ്യാർത്ഥികൾ, എന്നിവരുടെ കൂട്ടായ പരിശ്രമം നിർണ്ണായകമാണ്. ഒറ്റക്കെട്ടായി നിന്ന് ഞങ്ങൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും വിദ്യാഭ്യാസ പ്രതീക്ഷകൾ നിറവേറ്റുക മാത്രമല്ല, അതിനപ്പുറത്തേക്ക് തികച്ചും മാതൃകാപരമായ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുക കൂടി ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്.

**കൺവീനർ**

**അക്കാദമിക് മാസ്റ്റർ പ്ലാൻ കമ്മിറ്റി**

GMMGHSS PALAKKAD

# ഉള്ളടക്കം


| വിഷയം | പേജ് നം |
|---|---|
| GMMGHSS പാലക്കാട് സ്കൂൾ-ഒറ്റനോട്ടത്തിൽ | 6 |
| മലസാളം | 7 |
| ഇംഗ്ലീഷ് | 12 |
| ഹിന്ദി | 14 |
| സംസ്കൃതം | 17 |
| അറബി | 20 |
| സാമൂഹ്യശാസ്ത്രം | 22 |
| ജീവശാസ്ത്രം | 31 |
| ഭൗതികശാസ്ത്രം | 34 |
| ഗണിതം | 37 |
| IT | 41 |
| ആരോഗ്യ കായിക വിദ്യാഭ്യാസം | 44 |
| പ്രവൃത്തിപരിചയം | 50 |
| ആർട്ട എഡ്യുക്കേഷൻ / സംഗീതം | 53 |
| ഉൾച്ചേർക്കൽ വിദ്യാഭ്യാസം | 56 |
| സൈക്കോ സോഷ്യൽ സർവ്വീസ് കൗൺസിലിംഗ് | 59 |
| ഒ ആർ സി ( O R C) | 61 |
| സ്കൂൾ സോൽ്യൽ സർവ്വീസ് സ്കീം (SSSS) | 62 |
| GUIDES | 64 |
| JRC | 65 |
| UP വിഭാഗം | 66 - 84 |
| മലയാളം | 66 |
| അറബിക് | 68 |
| ഇംഗ്ലീഷ് | 69 |
| ഹിന്ദി | 71 |
| അടിസ്ഥാന ശാസ്ത്രം | 74 |
| സാമൂഹ്യശാസ്ത്രം | 77 |
| ഗണിതം | 83 |


GMMGHSS PALAKKAD

## ഗവ മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പാലക്കാട്

കേരളത്തിൽ പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം 1918 ലാണ് സ്ഥാപിതമായത്, തലശ്ശേരി സ്വദേശിയായ ശ്രീ മോയൻ കുഞ്ഞിരാമൻ ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് വടക്കന്തറയിൽ സ്ഥാപിച്ച പ്രൈമറി വിദ്യാലയം 108 വർഷം പിന്നിടുമ്പോൾ അപ്പർ പ്രൈമറി,ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളായി പടർന്നു പന്തലിച്ച് കേരളത്തിലെ ഇതര വിദ്യാലയങ്ങൾക്ക് മാതൃകയായി നിലകൊള്ളുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കുന്ന ഈ വിദ്യാലയം കലാകായികരംഗങ്ങളിലും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും ഒരേപോലെ മുന്നേറിക്കൊണ്ടിരിക്കുന്നു. സംസ്ഥാന ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവെക്കാൻ മോയൻസിലെ വിദ്യാർഥിനികൾക്ക് കഴിഞ്ഞിട്ടുണ്ട് . അറിവുകളിലേക്കുള്ള പെണ്മയുടെ നേട്ടങ്ങളുടെ പ്രതീകമായാണ് ഈ വിദ്യാലയം നഗരമധ്യത്തിൽ നിലകൊള്ളുന്നത് .

## എസ്.എസ്.എൽ.സി റിസൽട്ട് ഒറ്റനോട്ടത്തിൽ

| വർഷം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയശതമാനം | Full A+ |
|---|---|---|---|---|
| 2021-22 | 857 | 857 | 100% | 128 |
| 2022-23 | 771 | 771 | 100% | 124 |
| 2023-24 | 789 | 789 | 100% | 124 |
| 2024-25 | 778 | 777 | 99.9% | 131 |

# USS Result അവലോകനം

2024-25 അധ്യയന വർഷത്തെ USS ക്ലാസുകൾ November ആദ്യവാരത്തിൽ ആരംഭിച്ചു. കൃത്യമായി വിവിധ വിഷയങ്ങളിൽ നൽകിയ ക്ലാസുകൾ വളരെ ഫലപ്രദമായിരുന്നു. അതോടൊപ്പം തന്നെ OMR ഷീറ്റ് വെച്ച് 7 മോഡൽ പരീക്ഷകൾ നടത്തി. 69 പേർ പരീക്ഷ എഴുതിയതിൽ **39 USS** ലഭിക്കുകയുണ്ടായി. അതിൽ തന്നെ **രണ്ടു gifted students** ഉണ്ടായിരുന്നു എന്നത്അഭിമാനാർഹമായ കാര്യമാണ്.

# NMMS SCHOLARSHIP

2024 - 25 അധ്യയന വർഷം 110 കുട്ടികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചു. അവർക്ക് മൂന്നുമാസത്തോളം ആഴ്ചയിൽ മൂന്നുദിവസം SAT, MAT പേപ്പറുകളിൽ പരിശീലനം കൊടുത്തു. അതിൽ എട്ടുപേർ സ്കോളർഷിപ്പിന് അർഹരായി , ഒരാൾ വെയിറ്റിംഗ് ലിസ്റ്റിലും ഉൾപ്പെട്ടു.

# മലയാളം

## വായന പക്ഷാചരണം

കുട്ടികളിൽ പുസ്തകങ്ങളുടെ ഇഷ്ടമുണ്ടാക്കുക വായനാശീലം വളർത്തുക എന്ന ഉദ്ദേശത്തോടെ സംഘടിപ്പിക്കുന്നതാണ് വായന പക്ഷാചരണത്തിന്റെ പ്രധാന പരിപാടികൾ.

**Expected outcome**

* വായന ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ
* പി എൻ പണിക്കരെ അടുത്തറിയുക
* വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക, വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും , വായിച്ചു വളരുക സംഘടിച്ചു ശക്തരാവുക എന്നിങ്ങനെ ഉള്ള മുദ്രാ ഗീതങ്ങളുടെ വ്യാപ്തിയും ശക്തിയും തിരിച്ചറിയുക.
* കുട്ടികൾ പുസ്തകം വായിക്കുകയും വിലയിരുത്തുകയും പൊതു ചർച്ചയിൽ പങ്കെടുക്കുകയും ചെയ്യുന്നു.
* മോയൻസ് വായന സംഘത്തിൽ പുസ്തകാവതരണം നടത്തുന്നു.

**പ്രക്രിയ**

വായന പക്ഷാചരണത്തിന്റെ ഭാഗമായി സ്ഥിരമായി ലൈബ്രറിയിൽ വരുന്ന കുട്ടികൾ പുസ്തകങ്ങൾ എടുക്കുകയും വായിച്ച പുസ്തകങ്ങൾ ലൈബ്രറി ഹാളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.വായനയുടെ പ്രസക്തിയെക്കുറിച്ച് ക്ലാസ് എടുക്കുവാൻ വിദഗ്ധരെ ക്ഷണിക്കുന്നു.വായനാവാര പരിപാടി ഉദ്ഘാടനം ചെയ്യുന്നതിന് ഒരു കവയത്രിയെ ക്ഷണിക്കുന്നു.

ചെലവ്- 500
സമയം - ഏഴു ദിവസം
ഉദ്ഘാടന ദിവസം - 19 .6. 2025
പങ്കെടുക്കുന്നവർ - യുപി,എച്ച്എസ് കുട്ടികൾ.
സംഘാടനച്ചുമതല - മണികണ്ഠൻ. എം

## കാവ്യാസ്വാദനക്കളരി

കുട്ടികളിൽ കവിതാരചന, കാവ്യാലാപനം, ആസ്വാദനശേഷി എന്നിവ കൈവരിക്കുന്നതിനായി മലയാളം ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ കാവ്യാസ്വാദനക്കളരി സംഘടിപ്പിക്കുന്നു

**പ്രതീക്ഷിതഫലം**

1.കവിതാരചനയിൽ താല്പര്യമുണ്ടാകുന്നു
2.വ്യത്യസ്ത പദപ്രയോഗ ഭംഗി മനസ്സിലാക്കുന്നു
3.മികച്ച കവിതകളുടെ സൃഷ്ടിക്ക് കാരണമാകുന്നു
4.ഭാവം ഉൾക്കൊണ്ട് കവിത ചൊല്ലാനുള്ള കഴിവ് നേടുന്നു
4.കവിതയുടെ വിഭിന്ന തലങ്ങൾ ആസ്വദിക്കാൻ കഴിയുന്നു.

GMGHSS PALAKKAD

**പ്രക്രിയാ ഘട്ടങ്ങൾ**

ജൂൺ അവസാനവാരത്തിൽ ഹൈസ്കൂൾ ക്ലാസിൽ നന്നായി കവിതയിൽ താല്പര്യം ഉള്ള കുട്ടികളെകണ്ടെത്തുന്നു.തുടർന്ന് രാജീവ് മാഷുടെ നേതൃത്വത്തിൽ( രാജീവ് കാറൽമണ്ണ)ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നു ക്ലാസിന്റെ അവസാനം ഒരു വിഷയം നൽകി മികച്ച സർഗാത്മക രചനകൾ എഴുതാൻ അവരെ പ്രാപ്തരാക്കുന്നു

Budget: :1500
Duration: : 2hrs
Date: : 25/06/2025
Venue:smart room
No of students: : 60
Tr in charge : Raji A

## ബഷീർ അനുസ്മരണം

പ്രശസ്ത സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീറിനെ കൂടുതൽ അറിയുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

### Expected outcome

* വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ കുട്ടികൾ പരിചയപ്പെടുന്നു.
* വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്രം മനസ്സിലാക്കുന്നു.
* ബഷീറിന്റെ കൃതികളിലെ പരിസ്ഥിതി, കുടുംബം, മാനവികത, ഹാസ്യം, ഭാഷ എന്നിങ്ങനെ വ്യത്യസ്ത തലങ്ങൾ മനസ്സിലാക്കുന്നു.

### പ്രക്രിയ

ജൂലൈ 5 ബഷീർ ദിനത്തിൽ അസംബ്ലിയിൽ ബഷീറിനെ കുറിച്ച് ലഘു പ്രഭാഷണം ചെയ്യുന്നു.ബഷീർ കൃതികളെയും ബഷീർ കൃതികളെ കഥാപാത്രങ്ങളെയും കൂടുതൽ തിരിച്ചറിയുന്നതിനായി പ്രശ്നോത്തരി സംഘടിപ്പിക്കുന്നു.8 9 ക്ലാസുകളിൽ നിന്ന് ഓരോ ടീമിനെ പങ്കെടുപ്പിച്ചുകൊണ്ടാണ് പ്രശ്നോത്തരി സംഘടിപ്പിക്കുക.

ചെലവ്- 500 രൂപ
സമയം - ഒരു ദിവസം
തീയതി- 5 .7 .2025
പങ്കെടുക്കുന്നവർ - 8 9 ക്ലാസുകളിലെ കുട്ടികൾ.
ചുമതല - മണികണ്ഠൻ . എം

## രാമായണം പ്രശ്നോത്തരി

ഭാരതേതിഹാസമായ രാമായണത്തിന്റെ കഥയും കഥാപാത്രങ്ങളും കൂടുതലായി മനസ്സിലാക്കുന്നതിന് സഹായകമായ പ്രവർത്തനം.
രാമായണ കഥകൾ കൂടുതൽ വായിക്കുന്നതിനുള്ള പ്രവർത്തനം.

### പ്രതീക്ഷിതഫലം

കുട്ടികൾ രാമായണം കഥകൾ കൂടുതൽ മനസ്സിലാക്കുന്നു.കഥാപാത്രങ്ങളെ,

GMMGHSS PALAKKAD

അവരുടെ സ്വഭാവ സവിശേഷതകളെ,കഥാസന്ദർഭങ്ങളെ കൂടുതലായി അറിയുന്നു.

**പ്രക്രിയ**

രാമായണവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി എട്ട് ഒമ്പത് ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്നു.കഥാപാത്രങ്ങളെയും കഥ സന്ദർഭങ്ങളെയും പരിചിതമാകുന്ന തരത്തിലുള്ള ചോദ്യങ്ങളാണ് തയ്യാറാക്കുക.

ചെലവ്- 500

സമയം - ഒരു ദിവസം

തിയ്യതി - 23.07.2025

പങ്കെടുക്കുന്നവർ - 8 9 ക്ലാസുകളിലെ കുട്ടികൾ

ചുമതല - ഡോ. സുജയ ജി

## കർഷകദിനം - ചിങ്ങം ഒന്ന്

. കർഷകനെ ആദരിക്കൽ

. വിശിഷ്ടാഥിതിയുടെ സാന്നിധ്യം

### expected outcome

.കേരളീയ സംസ്കാരം കൃഷിയുടെ പ്രാധാന്യം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുക.

. കൃഷിയിൽ താൽപര്യം ജനിപ്പിക്കുക.

### Process

. കർഷകനെ ആദരിക്കുന്നു

. കൃഷി പാട്ടുകളുടെ ആലാപനം.

Budget : 1000

Duration: one day

Date: 18/8/2025

No of student involve : 5

Teacher in Charge : Shyja M B

## കഥാശിൽപ്പശാല

കുട്ടികൾക്ക് കഥാരചനയിൽ താല്പര്യമുണ്ടാകുന്നതിനും അതിൻ്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും ആനുകാലിക രചനകൾ പരിചയപ്പെടുന്നതിനും കഥാശില്പശാല സംഘടിപ്പിക്കുന്നു.

**പ്രതീക്ഷിതഫലം**

1.സമകാലിക കഥാസാഹിത്യത്തിലെ വ്യത്യസ്ത രചനകൾ പരിചയപ്പെടുന്നു

2.മികച്ച സർഗ്ഗാത്മക രചനകൾ ഉണ്ടാകുന്നു

3.ഭാഷാശേഷി വികസിക്കുന്നു

4.പ്രയോഗ ഭംഗി മനസ്സിലാക്കുന്നു

GMGHSS PALAKKAD

## പ്രക്രിയാ ഘട്ടങ്ങൾ

കഥാരചനയിൽ താല്പര്യമുള്ള കുട്ടികളെ ക്ലാസുകളിൽ നിന്ന് തെരഞ്ഞെടുക്കുന്നു. സമകാലിക കഥാകൃത്തുക്കളിൽ ശ്രദ്ധേയനായ ഒരു എഴുത്തുകാരനെ ശില്പശാല നയിക്കുന്നതിന് കൊണ്ടുവരുന്നു. കഥാരചനയുടെ വിവിധ ഘട്ടങ്ങൾ, ഒരു അനുഭവം കഥയാക്കുമ്പോൾ സ്വീകരിക്കേണ്ട വ്യത്യസ്തമാർന്ന അവതരണ ശൈലി എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും അതിലൂടെ ഒരു മികച്ച സർഗാത്മക രചനയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.വിഷയം നൽകി കഥ എഴുതിക്കുന്നു. ചർച്ചകളിലൂടെയും അവതരണത്തിലൂടെയും അത് മികച്ചതാക്കുകയും ചെയ്യുന്നു.

Budget: 1500/
Duration: 3hrs
Date: 25/10/2025
No of students: 60
Venue: smart room
Tr in charge: shaija M B

## കേരളപിറവിദിനാഘോഷം

മലയാള കവിതകളുടെ രംഗാവിഷ്ക്കാരം

### Expected outcome

ഭാഷയുടെ ഭംഗി രംഗാവിഷ്ക്കാരത്തിലൂടെ ആസ്വദിക്കുന്നു
സഭാകമ്പമില്ലാതെ രംഗത്ത് അവതരിപ്പിക്കുന്നു

### process

പാടാനും നൃത്തം ചെയ്യാനും കഴിയുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്നു. മലയാളത്തിലെ പ്രധാന കവിതകൾ കുട്ടികൾ ആലാപനം ചെയ്യുക്കയും അത് നൃത്തമായി ചിട്ടപ്പെടുത്തുകയും ചെയ്യുന്നു.

Budget : 2000
Duration : One day
Date : 1/11/2025
Teacher in charge : Raji A

## പഠനയാത്ര

നവംബർ 1 കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് മലയാളം ക്ലബ്ബി ന്റെ ആഭിമുഖ്യത്തിൽ കിള്ളിക്കുറുശ്ശിമംഗലം, കേരളകലാമണ്ഡലം എന്നീ സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു.

**പ്രതിക്ഷിത ഫലം**

കേരളീയ കലാരൂപങ്ങൾ അടുത്തറിയുന്നു.
കേരള കലാമണ്ഡലം നവ്യമായ കാഴചാനുഭവം

GMMGHSS PALAKKAD

## പ്രക്രിയ

പഠനയാത്രക്ക് താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി കേരള കലാമ ണ്ഡലം, കിള്ളിക്കുറുശ്ശിമംഗലം എന്നിവിടങ്ങളിലേക്ക് പഠനയാത്ര കൊണ്ടുപോകുന്നു. യാത്രാനുഭവം പങ്കുവെക്കുന്ന യാത്രാവിവരണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

| | |
|---|---|
| ചെലവ് | - 20000 |
| സമയം | - ഒരു ദിവസം |
| ദിവസം | - 14.11.2025 |
| പങ്കെടുക്കുന്നവർ | - 40 കുട്ടികൾ ( എച്ച് എസ് വിഭാഗം) |
| ചുമതല | - മണികണ്ഠൻ. എം |

GMMGHSS PALAKKAD

# ഇംഗ്ലീഷ്

**ലക്ഷ്യം:1**

ഇംഗ്ലീഷ് ഭാഷയിലെ പിന്നാക്കാവസ്ഥ കണ്ടെത്താനായി പ്രീ-ടെസ്റ്റ് നടത്തുന്നു.
കാലാവധി-2025 ജൂൺ മുതൽ 2025 July വരെ

## പ്രവർത്തനങ്ങൾ (1-3)

1.ഇംഗ്ലീഷ് ഭാഷയിലെ പിന്നാക്കാവസ്ഥ കണ്ടെത്തുന്നു.
2. പിന്നാക്കാവസ്ഥയിലുള്ളവരെ കണ്ടെത്തിയതിനുശേഷം, അവർക്ക് അക്ഷരങ്ങൾ ഉറപ്പിക്കാനായി വ്യത്യസ്ബോധന മാർഗ്ഗങ്ങൾ അവലംബിക്കുന്നു. (അക്ഷര കാർഡ് പാറ്റേൺസ്, സാൻട്രേ തുട ങ്ങിയ രീതികൾ അവലംബിക്കുന്നു.
3.അക്ഷരങ്ങൾ ഉറച്ചതിനു ശേഷം ഫോണിക് പാറ്റേൺസിലൂടെ വാക്കുകളി ലേക്ക് പ്രവേശിക്കുന്നു. അക്ഷരങ്ങൾ ആവർത്തിക്കുന്നു.

**ലക്ഷ്യം:2**

വിവിധ കഥ-ബോധന രീതികളിലൂടെ ശ്രാവ്യ ഗ്രഹണശേഷി വികസി പ്പിക്കുക.
കാലാവധി: 2025 ഓഗസ്റ്റ് മുതൽ 2025 ഒക്ടോബർ വരെ

## പ്രവർത്തനങ്ങൾ (4-11)

4.റൈംസ്, കഥകൾ തുടങ്ങിയവ ഐ.സി. ടി. സാധ്യതയോടെ അവതരിപ്പിക്കുന്നു.
5. തുടർന്ന് ചിത്രങ്ങളിലൂടെ ഭാഷ കൂടുതൽ വ്യക്തമാക്കുന്നു. കഥകൾ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു. ഓരോ ചിത്രത്തിനും അടിക്കുറിപ്പ് തയ്യാറാക്കാനും, ചിത്രങ്ങൾ അതിന് ചേരുന്ന വാചകങ്ങ ളുമായി ചേരുംപടി ചേർക്കുക.
6.വിവിധ ദിനാചരണങ്ങളോട് അനുബന്ധിച്ച് (ബാലവേലദിനം, പരിസ്ഥിതി ദിനം) അടിക്കുറിപ്പ് മത്സരം, പോസ്റ്റർ മത്സരം നടത്തുന്നു.
7.കഥ ശ്രേണി ശരിയായ വിധത്തിൽ ക്രമപ്പെടുത്തുന്നു
8. കഥ പൂരിപ്പിക്കുന്നു
9. കഥയുടെ ഗുണപാഠം / ആശയം വ്യക്ത മാക്കുന്നു.
10. കേട്ട/കണ്ട ഒരു കഥ പുനരവതരിപ്പിക്കുന്നു (അസംബ്ലി, ബാലസഭ, സർഗ്ഗമേള എന്നീ വേദികളിൽ കുട്ടികൾ അവതരി പ്പിക്കുന്നു).
11. നിത്യജീവിത സന്ദർഭങ്ങളേയും പാഠഭാഗത്തേയും ആസ്പദമാക്കി റോൾപ്ലേ നട ത്തുന്നു.

**ലക്ഷ്യം :3**

3. ഇംഗ്ലീഷ് ഭാഷയെ ഒരു വിനിമയോപാധിയായി ഉയർത്തുക, അതി നുള്ള പ്രായോഗിക അവസരങ്ങൾ സൃഷ്ടിക്കുക.

GMGHSS PALAKKAD

## പ്രവർത്തനങ്ങൾ (12-15)

കാലാവധി :2025 നവംബർ to 2026 ഫെബ്രുവരി

12. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡെ ആയി കൊണ്ടാടുക. (ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം).

13. ഇംഗ്ലീഷ് അസംബ്ലിയിൽ വൈവിധ്യ പൂർണ്ണമായ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിലൂന്നിക്കൊണ്ട് നടത്തുക, ന്യൂസ് റീഡിംഗ്, പ്രസംഗം, പദ്യംചൊല്ലൽ, Spell-bee മത്സരങ്ങൾ, ഇംഗ്ലീഷ് quotes, proverbs (പഴഞ്ചൊല്ലുകൾ), Riddles & Puzzles എന്നിവ അവതരിപ്പിക്കുക. ഇംഗ്ലീഷ് ക്വിസ് നടത്തുന്നു.

14. ഇംഗ്ലീഷ് പത്രം, ജേർനൽസ്, മാഗസിൻസ് തുടങ്ങിയവ എല്ലാ ക്ലാസ്സിലും ലഭ്യമാക്കുക

15.ഇംഗ്ലീഷ് അസ്സമ്പ്ളി വിവിധ ദിനചാരണ ങ്ങളോട് അനുബന്ധിച്ചുള്ള പ്രോഗ്രാം അനൗൺസ്മെന്റ്സ്, സ്പീച്ച്, ഡിക്ലമഷൻ, ഡിബേറ്റ് എന്നീ ഇനങ്ങളുടെ ക്ലാസ്സ് തല/സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുക, ഇംഗ്ലീഷ് ഫെസ്റ്റ്, ഫിലിം ഫെസ്റ്റ് എന്നിവ നടത്തുക...

വായനയിൽ ആകൃഷ്ടരാക്കുകയും വൈധഗ്ദ്യം ഉള്ളവരാക്കുകയും ചെയ്യുക

കാലാവധി: ഒരു വർഷം

## പ്രവർത്തനങ്ങൾ

16.വായന പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ക്ലാസ്സ്/ സ്കൂൾ തല റീഡിങ് ഗ്രൂപ്പുകൾ സജീവമാക്കുക

17.ഓരോ ക്ലാസ്സിനും ഓരോ ലൈബ്രറി എന്ന ആശയം കൂടുതൽ കാര്യക്ഷമതയോടെ നടത്തുന്നു.

18. സഞ്ചരിക്കുന്ന ലൈബ്രറി എന്ന ആശയം മലയാളം/ലൈബ്രറി/PTA/SMC എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക.

19.മോയൻസ് വായന സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ഏകോപിച്ചു പുസ്തകവായന പ്രോത്സാഹിപ്പിക്കുകയും കൃത്യമായി ഇംഗ്ലീഷ് ഭാഷധ്യാപകർ ഇടപെട്ടുകൊണ്ട് കുട്ടികളിലെ ക ഇംഗ്ലീഷ് വായനനാഭിരുചി പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

20.പതപരായണ മത്സരങ്ങൾ, വായനാ മത്സരങ്ങൾ എന്നിവ ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും നടത്തുന്നു...

21.എല്ലാ ക്ലാസ്സിലും ലാംഗ്വേജ് കോർണർ ഉണ്ടാകുകയും അവിടെ language games, puzzles, Riddles, Tongue Twisters, know the writers, A word a day പ്രവർത്തനങ്ങൾ നടത്തുന്നു

സ്കൂൾ വാർഷിക പരിപാടി യോട് അനുബന്ധിച്ച ഒരു English ഫെസ്റ്റ് സംഘടിപ്പിക്കുന്നു.. അതിൽ കുട്ടികൾ നേടിയെടുത്ത വിവിധ ഭാഷ ശേഷികളുടെ യും സർഗ്ഗത്മകതയുടെയും ആവിഷ്കരണം നടക്കുന്നു

GMMGHS PALAKKAD

# ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തി ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ  കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.ഹിന്ദി ഭാഷാപഠനത്തിലൂടെ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## ക്ലാസ്സ് 8

**ലക്ഷ്യങ്ങൾ :** അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. ആഴ്ചയുടെയും മാസങ്ങളുടേയും പേരുകൾ പഠിപ്പിക്കുന്നു. ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.
ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.
സമയ പരിധി : ഹ്രസ്വം, ജൂൺ-ജൂലൈ

## വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു

കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു.
കേട്ടെഴുത്ത്, പദസൂര്യൻ,  പ്രശ്നോത്തരി എന്നിവ നൽകുന്നു.
വർക്ക് ഷീറ്റുകൾ നൽകുന്നു
ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.

## സമയ പരിധി

ആഗസ്റ്റ് - സെപ്റ്റംബർ
ഡിസംബർ - ജനുവരി.

## ഒമ്പതാം തരം

ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.
നാമം, സർവ്വ നാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു.

GMGHSS PALAKKAD

വാക്യഘടന പരിചയപ്പെടുത്തുന്നു.
ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു.
പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു.
കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു.

## പ്രവർത്തനങ്ങൾ

വർക്ക് ഷീറ്റ് നൽകുന്നു
ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.
ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു.

## സമയ പരിധി

ജൂൺ - ജൂലൈ
ഓഗസ്റ്റ് - സെപ്റ്റംബർ

### കഥ, കവിത പൂരിപ്പിക്കാൻ നൽകുന്നു.

സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കാൻ പറയുന്നു.
പോസ്റ്ററിന്റെ മോഡൽ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു.
ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു.

### സമയ പരിധി

ഡിസംബർ- നവംബർ

#### പത്താം തരം

കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുസാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു.ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.സ്വഭാവ സവിശേഷകളിൽ കുറിപ്പ് തയ്യാറാക്കാനറിയുന്നു. ഡയറി എഴുതാനറിയുന്നു.

### പ്രവർത്തനങ്ങൾ

സ്കിറ്റ് തയ്യാറാക്കി സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു.

കാലപരിധി     ജൂൺ - ജൂലൈ

## സാഹിത്യാഭിരുചി വളർത്തുക

ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.

കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു.പദ്യം ചൊല്ലൽ കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.പാഠ ഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്ര ക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു.

സമയ പരിധി:-

ഓഗസ്റ്റ് - സെപ്റ്റംബർ- ഒക്ടോബർ

നവംബർ - ജനുവരി.

GMMGHSS PALAKKAD

# സംസ്കൃതം

## പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തി ചേരുന്ന എല്ലാ കുട്ടികൾക്കും സംസ്കൃതഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക. സംസ്കൃതഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. സംസ്കൃതഭാഷാപഠനത്തിലൂടെ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## ലക്ഷ്യങ്ങൾ

അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. ആഴ്ചയുടെയും മാസങ്ങളുടേയും പേരുകൾ പഠിപ്പിക്കുന്നു. സംസ്കൃതം അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.

**സമയ പരിധി :** ഹ്രസ്വം, ജൂൺ-ജൂലൈ

വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. സംസ്കൃത കലണ്ടർ തയ്യാറാക്കുന്നു.

**സമയ പരിധി**

ആഗസ്റ്റ് - സെപ്റ്റംബർ

ഡിസംബർ - ജനുവരി.

## സംസ്കൃതസംഭാഷണം

ദശദിന സംസ്കൃത സംഭാഷണ ശിബിരം സംഘടിപ്പിക്കുക.

**ലക്ഷ്യങ്ങൾ**

സംഭാഷണ സാമർഥ്യം വളർത്തുക. ഭാഷാതാത്പര്യം വളർത്തുക

**സമയ പരിധി** ആഗസ്റ്റ് - സെപ്റ്റംബർ

GMMGHSS PALAKKAD

## പ്രതിദിനമേകം സംസ്കൃതവാക്യം

ക്ലാസ്സിലെ ബോർഡിലും , നോട്ടീസ് ബോർഡിലും സംസ്കൃത സംഭാഷണ വാക്യങ്ങൾ എഴുതുക.

**ലക്ഷ്യങ്ങൾ**

സംഭാഷണ സാമർഥ്യം വളർത്തുക. ഭാഷാതാത്പര്യം വളർത്തുക, പദസമ്പത്ത് ഉണ്ടാക്കുക

**സമയ പരിധി** വർഷം മുഴുവൻ

## സംസകൃതശ്രവണം

ഐ.ടി സാധ്യതകളുപയോഗപ്പെടുത്തി സംസ്കൃത വാർത്ത, സംഭാഷണം , സിനിമ , തുടങ്ങിയ സംസ്കൃതപരിപാടികൾ കാണുവാനും കേൾക്കുവാനുമുള്ള അവസരം.

**ലക്ഷ്യങ്ങൾ** സംഭാഷണ സാമർഥ്യം വളർത്തുക. ഭാഷാതാത്പര്യം വളർത്തുക, പദസമ്പത്ത് ഉണ്ടാക്കുക

**സമയ പരിധി** വർഷം മുഴുവൻ

## ശില്പശാല സംഘടിപ്പിക്കുക

നാടകശില്പശാല , രചനാശില്പശാല എന്നിവ സംഘടിപ്പിച്ച് നാടക രചന, അവതരണം കഥ, കവിത രചന, അവതരണം , സമ്പുടനിർമാണം എന്നിവയുടെ പരിശീലനം.

**ലക്ഷ്യങ്ങൾ**

രചനാസാമർഥ്യം വളർത്തുക. ഭാഷാതാത്പര്യം വളർത്തുക, കലോത്സവത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുക

**സമയ പരിധി:** ആഗസ്റ്റ് - സെപ്റ്റംബർ

## ഐ.ടി. സംസ്കൃത പഠനം

സംസ്കൃതം ടൈപ്പിങ് , സ്ലൈഡ് നിർമാണം , വീഡിയോ എഡിറ്റിങ് തുടങ്ങിയവയുടെ പരിശീലനം നൽകി പഠനസാമഗ്രികളുടെ നിർമാണം

**ലക്ഷ്യങ്ങൾ**

സാങ്കേതിക വിജ്ഞാനം , സംഭാഷണ സാമർഥ്യം വളർത്തുക.

**സമയ പരിധി:** വർഷം മുഴുവൻ

## പഠനയാത്ര

സാംസ്കാരിക സമ്പന്നവും , സംസ്കൃതവാതാവരണവുമുള്ള കേരളകലാമണ്ഡലം, കിള്ളിക്കുറിശ്ശിമംഗലം , കാലടി പോലെയുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക.

**ലക്ഷ്യങ്ങൾ :** ചരിത്രപരമായ അറിവ് നേടൽ

**സമയ പരിധി:** നവംബർ

GMGHSS PALAKKAD

## സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ

പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിനായി ആഗസ്റ്റ് മാസം മാതൃകാ സ്കോളർഷിപ്പ് പരീക്ഷ നടത്തി കുട്ടികളെ തിരഞ്ഞെടുക്കുകയും തുടർ പരിശീലനം നൽകുകയും ചെയ്യുന്നു

**ലക്ഷ്യങ്ങൾ**

ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ സജ്ജരാക്കുക

സമയ പരിധി:- ആഗസ്റ്റ്

## സംസ്കൃതവാരാഘോഷം

സംസ്കൃതവാരാഘോഷ സമയത്ത് സംസ്കൃതം കലോത്സവം ഇനങ്ങൾ മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. രചനാമത്സരങ്ങൾ , സ്റ്റേജ് മത്സരങ്ങൾ എന്നിവ നടത്തുന്നു . സംസ്കൃതദിനം സമുചിതമായി ആഘോഷിക്കുന്നു. പ്രദർശിനി (എക്സിബിഷൻ) സംഘടിപ്പിക്കുന്നു

**ലക്ഷ്യങ്ങൾ**

സംസ്കൃതഭാഷയുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളിൽ രചനാ വൈദഗ്ധ്യവും , കലാതാത്പര്യവും വളർത്താൻ സാധിക്കുന്നു

സമയ പരിധി:- ആഗസ്റ്റ്

**ചുമതല** : Ramesh H , Sunanda K C , Reeba Kathiran

GMMGHSS PALAKKAD

# അറബി

## പ്രത്യേകത ദിനങ്ങളിൽ അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും

ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം
സെപ്റ്റംബർ 5 അധ്യാപക ദിനം
നവംബർ 1 കേരളപ്പിറവി ദിനം
ജനുവരി 26 റിപ്പബ്ലിക് റിപ്പബ്ലിക് ഡേ
തുടങ്ങിയ ദിനങ്ങളിൽ നല്ല സന്ദേശം നൽകുന്ന അറബിക് പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യലും സാഹചര്യത്തിനനുസരിച്ച് ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കലും
ഓഗസ്റ്റ് സെപ്റ്റംബർ നവംബർ ജനുവരി തുടങ്ങിയ മാസങ്ങളിൽ

## അറബിഭാഷ ദിനാഘോഷം

അറബി ഭാഷ ദിനാഘോഷം വ്യത്യസ്ത പരിപാടികൾ ഡിസംബർ 18 ലോക അറബി ഭാഷ ദിനാഘോഷത്തോടനുബന്ധിച്ച്

## അറബിക് അസംബ്ലി ,ബാഡ്ജ് നിർമ്മാണം.

ഡിസംബർ മാസം
മുഴുവൻ കുട്ടികളും അറബിക് ഭാഷയുമായി ബന്ധപ്പെട്ട ബാഡ്ജ് തയ്യാറാക്കി തങ്ങളുടെ യൂണിഫോമിൽ പിൻ ചെയ്യും

## അറബിക് മാഗസിൻ നിർമ്മാണം

ലോക അറബി ഭാഷ ദിനാചരണവുമായി ബന്ധപ്പെട്ട് ക്ലാസിലെ മുഴുവൻ കുട്ടികളും അറബിക് കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നതാണ്.
ഉണ്ടാക്കിയ മാഗസിനുകൾ അറബിക് അസംബ്ലിയിൽ പ്രകാശനം ചെയ്യപ്പെടുന്നതാണ്.
ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ .

## അറബി സംഭാഷണം

അറബി ഭാഷ സംസാരിക്കാനും ഭാഷാശേഷി വർദ്ധിപ്പിക്കാനും ഉള്ള പരിശീലനം ജൂൺ ആദ്യവാരം തന്നെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളും മികച്ച കുട്ടികളും ജോടികൾ ആകുന്ന തരത്തിൽ കുട്ടികളെ ഗ്രൂപ്പ് ആക്കി തിരിക്കും. ജൂലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ആദ്യത്തെ പ്രവർത്തി ദിനങ്ങളിൽ തന്നെ ഓരോ ഗ്രൂപ്പ് ലീഡർമാർക്കും വിഷയം കൊടുക്കുന്നു ഗ്രൂപ്പിലെ കുട്ടികളുടെയും അധ്യാപകരുടെയും സഹായത്താൽ കുട്ടികൾ സംഭാഷണം തയ്യാറാക്കുന്നു എല്ലാ മാസവും അവസാനത്തെ വെള്ളിയാഴ്ച അറബിക് ക്ലാസിൽ വെച്ച് ഓരോ ഗ്രൂപ്പിലെയും രണ്ട് കുട്ടികൾ വീതം സംഭാഷണം അവതരിപ്പിക്കുന്നു.

GMGHSS PALAKKAD

ബഡ്ജറ്റ് :6000 രൂപ
ഡ്യൂറേഷൻ :10 മാസം
ഡേറ്റ് :ജൂൺ 1 മുതൽ
വെന്യൂ :അറബി ക്ലാസ് ,സ്മാർട്ട് ക്ലാസ്സ്
നമ്പർ ഓഫ് സ്റ്റുഡൻസ്
ഇൻവോൾവ്ഡ് :
ഓൾ അറബിക് സ്റ്റുഡൻസ് ഇൻ ഹൈസ്കൂൾ
ടീച്ചർ ഇൻ ചാർജ്: ഫാറൂഖ് വി ഐ

GMMGHSS PALAKKAD

# സോഷ്യൽ സയൻസ്

## ഫീൽഡ്ട്രിപ്പ്, പഠന യാത്രകൾ

പാലക്കാട് കോട്ട, പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, അഹല്യ ഹെറിറ്റേജ് ക്യാമ്പസ്, നെല്ലിയാമ്പതി, പറമ്പിക്കുളം പഠനയാത്രകൾ, പശ്ചിമഘട്ട പഠന യാത്ര, സൈലൻറ് വാലി നാഷണൽ പാർക്കിലേക്കുള്ള പഠനയാത്ര.

## expected outcome

- സന്ദർശിക്കുന്ന പ്രദേശങ്ങളെ കുറിച്ച് പഠിക്കുകയും അവയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു
- നെല്ലിയാമ്പതി പറമ്പിക്കുളം സൈലൻ്റ് വാലി എന്നീ വന ഉദ്യാനങ്ങളെ കുറിച്ച് മനസ്സിലാക്കുകയും അവയുടെ ചരിത്രം തയ്യാറാക്കുകയും ചെയ്യുന്നു
- പാലക്കാട് കോട്ട, പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, അഹല്യ ഹെറിറ്റേജ് മ്യൂസിയം എന്നിവയെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും സന്ദർശനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു
- ഇത്തരം പഠനയാത്ര അനുഭവ പഠനത്തിലൂടെ കുട്ടികളുടെ മാനസി കവികാസം മെച്ചപ്പെടുത്തുകയും പഠിക്കുവാനുള്ള താല്പര്യ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## Process

ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും പൈതൃകം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളായ കുട്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവിധ യാത്രാ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പങ്കെടുക്കുന്ന മുഴുവൻ കുട്ടികളും അവർ പങ്കെടുത്ത പഠന യാത്രയുടെ യാത്രാവിവരണവും അതുമായി ബന്ധപ്പെട്ട വിവരശേഖരണവും നടത്തി സാമൂഹ്യ ശാസ്ത്ര ഗ്രൂപ്പിൽ പങ്കുവെക്കുന്നു. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് ക്ലബ്ബിൻറെ സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകുന്നു .

Budget :50000
Duration :3 months
Date : July August September
Venue : Palakkad fort Heritage museum ahilya Heritage museum West Bengal study tour silent Valley National Park nelliyampathy parambikulam
number of students involved : each trip 50 students
teachers in charge : social science teachers

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം /പഠനത്തോടൊപ്പം തൊഴിൽ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ഉള്ള സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ പദ്ധതി

GMMGHSS PALAKKAD

## Expected outcome

* ഓരോ തൊഴിലിന്റെയും മഹത്വത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നു
* പഠനത്തോടൊപ്പം തന്നെ പഠിക്കാനുള്ള സാമ്പത്തികശേഷി ഉണ്ടാക്കിയെടുക്കുന്നു.
* വിദ്യാഭ്യാസത്തോടൊപ്പം കുട്ടികൾക്ക് ഒരു തൊഴിൽ നേടാനുള്ള പ്രാപ്തി ഉണ്ടാക്കിയെടുക്കുന്നു
* ഒരു നിശ്ചിത തൊഴിലിൽ പ്രവർത്തിക്കാൻ ആവശ്യമായ അറിവും കഴിവും നൽകുന്നു
* എല്ലാ തൊഴിലുകളും മഹത്തരമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു.

## Process

പഠനത്തോടൊപ്പം സ്വയംതൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ചെറിയതോതിലുള്ള വിവിധ ജോലികളെ കുറിച്ച് അവബോധം ഉണ്ടാക്കുകയും സ്കൂളിലെ ക്രിയേറ്റീവ് കോർണറിൽ വച്ച് പരിശീലനം നൽകുകയും ചെയ്യുന്നു സ്കൂൾ പഠനശേഷം കിട്ടുന്ന സമയത്ത് ഓരോ മണിക്കൂർ എടുത്ത് വർഷത്തിൽ ചുരുങ്ങിയത് 50 മണിക്കൂർ സാമൂഹ്യ ശാസ്ത്ര അധ്യാപകരെയും മറ്റ് അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു

Duration : 1 year
Budget : 25000
Date : Every month Two days
venue : Creative Corner / Class Room
No Students Involved : 200
Teachers in charge : Social science Teachers

# ബൈസിക്കിൾ കമ്മ്യൂണിറ്റി രൂപീകരണം

കാലാവസ്ഥ വ്യതിയാനം, ഊർജ്ജ സംരക്ഷണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സാമൂഹ്യശാസ്ത്ര ഗ്രൂപ്പിലെ അംഗങ്ങളായ കുട്ടികളുടെ വീടുകൾ / ക്ലാസ്സുകൾ കേന്ദ്രീകരിച്ച് ബൈസിക്കിൾ കമ്മ്യൂണിറ്റി എന്ന ആശയം രൂപീകരിക്കുന്നു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് എല്ലാ ക്ലാസ്സുകളിലും ബൈസിക്കിൾ കമ്മിറ്റിയെ കുറിച്ച് വിശദീകരണം നൽകുന്നു.

## Expected outcome

ലോകം മുഴുവൻ അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനം അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
വിവിധ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുക
ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക.
ഭാവി ഭാസുരമാക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

## Process

വീടുകളിലും സ്കൂളിലേക്കും സൈക്കിളിൽ വരുന്ന കുട്ടികൾ അവരുടെ സുഹൃത്തുക്കളുടെ ഇടയിലേക്ക് സൈക്കിൾ ഉപയോഗത്തിൻ്റെ പ്രാധാന്യം എത്തിക്കുകയും

ഇതിലൂടെ ഊർജ്ജസംരക്ഷണത്തിനും കാലാവസ്ഥ വ്യതിയാനം പോലെയുള്ള പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് അറിവുകൾ നൽകുന്നു. പരിസരത്തെ സ്കൂളുകൾ/ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട ലഘുലേഖകൾ / അറിയിപ്പുകൾ എന്നിവ എത്തിക്കുന്നു.

അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമം നടത്തുന്നു

Budget : 1000
Duration : One year
Date : Every month
Venue : Houses/ School
No of students involved : All students (UP, HS)
Teachers in charge : Social sciene Teachers

# ഗോത്രസംസ്കൃതിപഠനവും സന്ദർശനവും

കുട്ടികൾക്ക് ഗോത്ര സംസ്കൃതിയെ കുറിച്ച് നേരിട്ട് അറിയാനും വിവിധ ആദിവാസി വിഭാഗങ്ങളെ കുറിച്ച് മനസ്സിലാക്കാനും അവരുടെ വാസസ്ഥലങ്ങൾ അവരുടെ കൃഷി ഉപജീവനം എന്നിവയെ കുറിച്ച് നേരിട്ട് കണ്ടു മനസ്സിലാക്കാനുമായുള്ള പഠന യാത്രയും/ സന്ദർശനവും

**Expected outcome**

* ഗോത്ര വിഭാഗങ്ങളുടെ പൂര് സന്ദർശിക്കുന്നതിലൂടെ കുട്ടികൾക്ക് അവരുടെ ജീവിതം നിലവാരം ഭക്ഷണരീതി സംസ്കാരം ആചാരാനുഷ്ഠാനങ്ങൾ ഭാഷ തുടങ്ങിയ കുറിച്ച് നേരിട്ട് അറിയാൻ അവസരം ലഭിക്കുന്നു

* ആദിവാസി ഊരിലെ മൂപ്പനുമായി വിദ്യാർത്ഥികൾ സംവദിക്കുമ്പോൾ ആ പ്രദേശം ചരിത്രം അവരുടെ മുൻഗാമികൾ, അവർ ഉപയോഗിക്കുന്ന വസ്തുക്കൾ എന്നിവ നേരിട്ട് കാണാനും മനസ്സിലാക്കാനും സാധിക്കും.

* അവിടെയുള്ള ജനങ്ങളുമായി ആശയവിനിമയെ നടത്തുന്നതിലൂടെ കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിന് സഹായകമാകുന്നു

* കുട്ടികളിൽ വിശ്വ മാനവികത / വിശ്വമാനവ സങ്കല്പം ഉണ്ടാക്കിയെടുക്കാൻ സാധിക്കും

*കുട്ടികളിൽ സഹജീവി സ്നേഹവും സാമൂഹിക ഉത്തരവാദിത്വവും ഉണ്ടാക്കിയെടുക്കുവാനുള്ള താല്പര്യമുണ്ടാകുന്നു

**Process**

ജൂലൈ മാസം മുതൽ ഹൈസ്കൂൾ യുപി ക്ലാസുകളിലെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുമായി സാമൂഹ്യശാസ്ത്ര അധ്യാപകരും പ്രധാനധ്യാപകർ പിടിഎ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സ്കൂളിൽ നിന്നും അട്ടപ്പാടി പോലെയുള്ള പ്രദേശങ്ങളിലേക്ക് ഗോത്ര സംസ്കൃതിയെ നേരിട്ടു മനസ്സിലാക്കാനായി സന്ദർശനം നടത്തുന്നു അവിടങ്ങളിലെ ആളുകളുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നതോടൊപ്പം അവരുടെ

GMMGHS PALAKKAD

ജീവിതം നേരിട്ടു മനസ്സിലാക്കാനും ഉപജീവനമാർഗങ്ങൾ തൊഴിലുകൾ മറ്റ് സൗകര്യങ്ങൾ എന്നിവ കണ്ടറിയാനും അവസരം ലഭിക്കുന്നു സന്ദർശിക്കുന്ന സ്ഥലങ്ങളിലെ കുട്ടികൾക്ക് ചെറിയതോതിൽ ഉള്ള സഹായങ്ങൾ നൽകുന്നതിനും പഠനോപകരണങ്ങൾ നൽകുന്നതിനും സമയം ശ്രമിക്കുന്നു ഇത് ഒരുവർഷംകൊണ്ട് തീർക്കേണ്ട പ്രവർത്തനം അല്ലാത്തതിനാൽ ഇതിന് തുടർച്ച ഓരോ വർഷങ്ങളിലും ഉണ്ടാക്കുകയും കൂടുതൽ കുട്ടികളെ ഇത്തരം പ്രവർത്തികളിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു

Budget : 20000
Duration : Every year
Date : Preferable
venue : Attapadi
No of students involved : Students UP, HS
Teachers in Charge : Social science Teachers Up, Hs

## കൃഷിസ്ഥല (Farm) സന്ദർശനം,

## കാർഷിക ടൂറിസം പദ്ധതികളെക്കുറിച്ച് പഠനവും

ചിങ്ങം ഒന്ന് കാർഷിക ദിനത്തിൽ പ്രദേശത്തെ പ്രധാനപ്പെട്ട കാർഷിക പ്രദേശം/ ഫാം സന്ദർശനവും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട നടത്തുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കലും.

### Expected outcome

* വളർന്നുവരുന്ന തലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക
* കേരളത്തിൻറെ കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് പ്രോത്സാഹനം നൽകുക
* വീടുകളിൽ പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക
* കൃഷിയെ സാധാരണ കൃഷിയായി കാണാതെടൂറിസവുമായി ബന്ധപ്പെടുത്തി കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുക

## ഫീൽഡ്ട്രിപ്പ്, പഠന യാത്രകൾ

പാലക്കാട് കോട്ട, പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, അഹല്യ ഹെറിറ്റേജ് ക്യാമ്പസ്, നെല്ലിയാമ്പതി, പറമ്പിക്കുളം പഠനയാത്രകൾ, പശ്ചിമഘട്ട പഠന യാത്ര, സൈലൻറ് വാലി നാഷണൽ പാർക്കിലേക്കുള്ള പഠനയാത്ര.

### Expected outcome

- സന്ദർശിക്കുന്ന പ്രദേശങ്ങളെ കുറിച്ച് പഠിക്കുകയും അവയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു
- നെല്ലിയാമ്പതി പറമ്പിക്കുളം സൈലൻറ് വാലി എന്നീ വന ഉദ്യാനങ്ങളെ കുറിച്ച് മനസ്സിലാക്കുകയും അവയുടെ ചരിത്രം തയ്യാറാക്കുകയും ചെയ്യുന്നു
- പാലക്കാട് കോട്ട, പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, അഹല്യ ഹെറിറ്റേജ് മ്യൂസിയം എന്നിവയെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും സന്ദർശനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു
- ഇത്തരം പഠനയാത്ര അനുഭവ പഠനത്തിലൂടെ കുട്ടികളുടെ മാനസി കവികാസം

GMMGHSS PALAKKAD

- മെച്ചപ്പെടുത്തുകയും പഠിക്കുവാനുള്ള താല്പര്യ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**Process**

ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും പൈതൃകം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളായ കുട്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവിധ യാത്രാ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പങ്കെടുക്കുന്ന മുഴുവൻ കുട്ടികളും അവർ പങ്കെടുത്ത പഠന യാത്രയുടെ യാത്രാവിവരണവും അതുമായി ബന്ധപ്പെട്ട വിവരശേഖരണവും നടത്തി സാമൂഹ്യ ശാസ്ത്ര ഗ്രൂപ്പിൽ പങ്കുവെക്കുന്നു. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് ക്ലബ്ബിൻറെ സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകുന്നു .

Budget :50000

Duration :3 months

Date : July August September

Venue : Palakkad fort Heritage museum ahilya Heritage museum West Bengal study tour silent Valley National Park nelliyampathy parambikulam

number of students involved : each trip 50 students

teachers in charge : social science teachers

## ചിങ്ങം ഒന്ന് കാർഷിക ദിനത്തിൽ പ്രദേശത്തെ പ്രധാനപ്പെട്ട കാർഷിക പ്രദേശം/ ഫാം സന്ദർശനവും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട നടത്തുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കലും.

**Expected outcome**

* വളർന്നുവരുന്ന തലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക
* കേരളത്തിൻറെ കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് പ്രോത്സാഹനം നൽകുക
* വീടുകളിൽ പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക
* കൃഷിയെ സാധാരണ കൃഷിയായി കാണാതെടൂറിസവുമായി ബന്ധപ്പെടുത്തി കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുക

**Process**

ജൂൺ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ കേരളത്തിൽ ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൃഷി എങ്ങനെയാണ് പരിപാലിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കുന്നതിനായി ഈ സമയങ്ങളിൽ കൃഷി വ്യാപകമായി ചെയ്യുന്ന പ്രദേശിക്കുകയും ഫാം ടൂറിസം നിലനിൽക്കുന്ന പ്രദേശങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്യുന്നുസന്ദർശനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന കുറിപ്പുകളും അനുഭവവിവരണങ്ങളും വിശദീകരണവും എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നു.

Budget : 3000

Duration :3 months

GMMGHSS PALAKKAD

Date : September
venue : Agriculture farm
No of students involved : All students
Teachers in Charge : Social science Teachers

## ജി എം എം ജി എച്ച് എസ് എസ് ഡിജിറ്റൽ ബുള്ളറ്റിൻ

സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വാർത്തകൾ വിദ്യാർത്ഥികളിലേക്കും രക്ഷിതാക്കളിലേക്ക് എത്തിക്കുന്നതിന് എല്ലാ മാസത്തിലും വാട്ട്സ്ആപ്പ് വഴി വാർത്ത അവതരണം നടത്തുന്നു

**Expected outcome**

സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ എത്തിക്കുന്നതിന് വിദ്യാർത്ഥികളിൽ വാർത്ത അവതരണ കഴിവ് ഉടലെടുക്കുന്നതിന് സാമൂഹ്യശാസ്ത്ര മേളയിലെ ന്യൂസ് റീഡിങ് മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിനും വാർത്തകൾ വളച്ചൊടിക്കാതെ സത്യസന്ധമായി നൽകുവാനുള്ള പ്രവണത വിദ്യാർഥികൾ ഉണ്ടാക്കുന്നു സ്കൂളും പൊതുജനങ്ങളും സമൂഹവും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നു

**Process**

വാർത്ത ബുള്ളറ്റിൽ പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു ഇതിലേക്ക് ആവശ്യമായ ഫോട്ടോകളും വീഡിയോകളും ശേഖരിച്ച് ഒരു അധ്യാപകന്റെ സഹായത്തോടെ ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുജൂലൈ മാസം മുതൽ അക്കാദമിക് ഇയർ അവസാനിക്കുന്നത് വരെ എല്ലാ മാസത്തെയും ആദ്യ ശനിയാഴ്ച രാത്രി 7 മണിക്ക് ബുള്ളറ്റിൽ വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് ഇൻസ്റ്റാഗ്രാം എന്നിവ വഴി പ്രക്ഷേപണം നടത്തുന്നു

Duration : One Year
Budget : Nil
Date : First Saturday in Every Month
Venue : School
No of Students involved : SS club members
Teachers in charge : Social science Teachers

## ദൈനംദിന ക്വിസ് / GK മെഗാ ക്വിസ് / സാമൂഹ്യശാസ്ത്ര ക്വിസ്

പ്രധാനപ്പെട്ട ദിനങ്ങൾ ഉൾപ്പെടുത്തി മത്സരം സംഘടിപ്പിക്കുന്നു ഓഗസ്റ്റ് 15 ജനുവരി 26 ഭരണഘടനാദിനം തുടങ്ങിയവ അതിലേക്ക് നയിച്ച മഹത് വ്യക്തികളെക്കുറിച്ച് സംഭവങ്ങളെയും ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി മെഗാ ക്വിസ് സംഘടിപ്പിക്കുന്നു

**Expected outcome**

ഇന്ത്യയുടെ സ്വാതന്ത്ര്യം ഇന്ത്യയിലെ വിവിധ സംഭവങ്ങൾ കറണ്ട് അഫയേഴ്സ് എന്നിവ സംബന്ധിച്ച കുട്ടികൾക്ക് അറിവ് ലഭിക്കുന്നു പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു വിവിധ മത്സര പരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാക്കുന്നു.

GMMGHSS PALAKKAD

## Process

ഓഗസ്റ്റ് 15 ജനുവരി 26 നവംബർ 26 തുടങ്ങി പ്രധാനപ്പെട്ട സംഭവങ്ങളെ ഉൾചേർത്ത് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതുകൂടാതെ ദൈനംദിന ക്വിസ് മത്സരവും ജനറൽനോളജ് അപ്ഡേഷനും ഭാഗമായി നടക്കുന്നു വിവിധ ഘട്ടങ്ങളായി നടത്തുന്ന മത്സ്യം ഉൾപ്പെടെ വിജയിക്കുന്ന ടീമുകൾക്ക് സമ്മാനങ്ങൾ വിതരണം നടത്തുന്നു

Budget : 1000
Duration : Preferable day
venue : School classes
No of students involved : All students
Teachers in charge : Social Science Teachers

## യുദ്ധവിരുദ്ധ മനോഭാവം സൃഷ്ടിക്കൽ / ബോധവൽക്കരണം

ഓഗസ്റ്റ് 6 ഓഗസ്റ്റ് 9 ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് ദിനാചരണം ഇതിന് ഭാഗമായി രണ്ടു ദിവസങ്ങളിലും കുട്ടികൾ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു

### Expected outcome

* യുദ്ധത്തിൻറെ ഭയാനകതയെക്കുറിച്ച് അനന്തരഫലങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു
* ആണവ ബോംബിന്റെ ഉപയോഗം മാനുവൽ രസത്തോളം നാശകരമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു ഇന്ന് ലോകത്ത് നടക്കുന്ന യുദ്ധങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തുന്നു.
* യുദ്ധം ഒന്നിനും പരിഹാരമല്ല പരസ്പര സൗഹൃദമാണ് മാനദശകം നിലനിൽപ്പും അത്യാവശ്യമാണ് -എന്ന നിലപാടെടുക്കുന്നു

## Process

ഓഗസ്റ്റ് 6 ഓഗസ്റ്റ് 9 എന്നീ ദിനങ്ങളിൽ സഡാക്കോ കൊക്കുകളുടെ നിർമ്മാണവും പ്രദർശനവും ഇതോടൊപ്പം ഓരോ ക്ലാസുകളിൽ നിന്നും യുദ്ധവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ചാറ്റുകളുടെ തയ്യാറാക്കലും പ്രദർശനവും യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങളുടെ തയ്യാറാക്കൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കൽ ഇതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള ചരിത്ര പ്രദർശനം

Budget : 1000
venue : School
No of students involved : SS club members
Teachers in charge : Social science Teachers

## വിവിധ സ്ഥാപനങ്ങളിലേക്കുള്ള സന്ദർശനം - ധോണിയിലെ "ലീഡ് കോളേജ് "

കേരളത്തിലെ ഏറ്റവും പ്രശസ്തമായ എം ബി എ കോളേജിൽ കുട്ടികൾ സന്ദർശനം നടത്തുന്നു.

GMGHSS PALAKKAD

## Expected outcome

പഠനത്തിനുശേഷം കുട്ടികൾ തെരഞ്ഞെടുക്കേണ്ട വിവിധ മേഖലകളെ കുറിച്ച് ആ ബോധം ഉണ്ടാക്കുന്നതിന് കരിയർ ഗൈഡൻസ് എന്ന നിലയിൽ ഇത്തരം സന്ദർശനങ്ങൾ ഫലപ്രദമാകും

## Process

സാമൂഹ്യശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളായ 30 കുട്ടികളെ ധോണിയിൽ പ്രവർത്തിക്കുന്ന ലീഡ് കോളേജ് സന്ദർശിക്കുന്നു. .ബിസിനസ് മെന്റാലിറ്റി കുട്ടികളിൽ ഉണ്ടാക്കുന്നതിന് ഇത്തരം സന്ദർശനങ്ങൾ ഉതകുന്നതാണ്

| | |
|---|---|
| Budget | : 1000 |
| Venue | : Lead College |
| No of students involved | : SS club members |
| Teacher in charge | : Social science Teachers |

## മഴ ഉത്സവം

ജൂൺ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ കേരളത്തിൽ ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൃഷി എങ്ങനെയാണ് പരിപാലിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കുന്നതിനായി ഈ സമയങ്ങളിൽ കൃഷി വ്യാപകമായി ചെയ്യുന്ന പ്രദേശിക്കുകയും ഫാം ടൂറിസം നിലനിൽക്കുന്ന പ്രദേശങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്യുന്നുസന്ദർശനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന കുറിപ്പുകളും അനുഭവവിവരണങ്ങളും വിശദീകരണവും എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നു.

| | |
|---|---|
| Budget | : 3000 |
| Duration | :3 months |
| Date | : September |
| venue | : Agriculture farm |
| No of students involved | : All students |
| Teachers in Charge | : Social science Teachers |

## പത്രവായന - വ്യക്തിഗതം /ക്ലാസ്സ് തലം

### Expected outcome

കുട്ടികളുടെ മാതൃ ഭാഷാ പഠനവും ആശയവിനിമയ ശേഷിയും മെച്ചപ്പെടുത്തൽ

### Process

ഓരോ ദിവസവും ഒരു നിശ്ചിത സമയം ക്ലാസ്സിൽ പത്രവായന ഉറപ്പാക്കും. UP, HS ക്ലാസ്സുകളിൽ വ്യക്തിഗത വായനക്കും, ഗ്രൂപ്പ് വായനക്കും അവസരം നൽകും. വാർത്തകൾ വിശകലനം ചെയ്യുക, ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരം നൽകുക, സ്കൂൾ

GMMGHSS PALAKKAD

ലൈബ്രറിയിലെ ആഴ്ച്ചപതിപ്പുകൾ, മാസികകൾ തുടങ്ങിയവ വായിക്കാൻ പ്രോത്സാഹനം നൽകുക, ആഴ്ച്ചയിൽ 1 മാസത്തിൽ ഒരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിപിക്കുക തുടർന്ന് കുറിപ്പ് തയ്യാറാക്കൽ, തയ്യാറാക്കിയ കുറിപ്പ് മറ്റുള്ളവരെ കേൾപ്പിക്കൽ, ആശയങ്ങളെ അടിസ്ഥാനമാക്കി ആവിഷ്ക്കരിക്കൽ ചർച്ച അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്താം.വായനയുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്താം.

Budget : Nil
Duration : Acadamic year
venue : Class room
No of students involved : All students
Teachers in charge : Social Science Trs

GMMGHSS PALAKKAD

# ജീവശാസ്ത്രം

## അത്ഭുത കണ്ണിലൂടെ

**ലഘു പരീക്ഷണങ്ങൾ ,മോഡലുകൾ എന്നിവ നിർമ്മിക്കുവാൻ അവസരം നൽകുന്നു.**

**EXPECTED OUTCOME**

- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
- പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം
- ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.

**PROCESS**

ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾതന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകു ന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.

BUDGET : 3000(SCIENCE CLUB)
DURATION : JUNE TO FEBRUARY
DATE : 15.6.2025
VENUE : BIOLOGY LAB,CLASSROOM
NO OF STUDENTS INVOLVED : 50
TEACHERS IN CHARGE :BIOLOGY TEACHERS

## ശാസ്ത്ര ലോകത്തേക്ക്

ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ച പ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുക...

**EXPECTED OUTCOME**

നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു.

**PROCESS**

ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുക... വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തു ക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു . ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു.

BUDGET : 5000
DURATION : JULY TO FEBRUARY
DATE : 3.7.2025
VENUE : BIOLOGY LAB,CLASSROOM
NO OF STUDENTS INVOLVED : 50
TEACHERS IN CHARGE : BIOLOGY TEACHERS

CMMGHSS PALAKKAD

## ഹൈടെക് വേൾഡ്

മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധനം

**EXPECTED OUTCOME**

- ജീവശാസ്ത്രം സാങ്കേതിക പരിജ്ഞാനം നേടുന്നു
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടുന്നു
- ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം

**PROCESS**

സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നു

BUDGET : 10000 (PTA)
DURATION : JULY TO FEBRUARY
DATE : 10.7.2025
VENUE : BIOLOGY LAB,CLASSROOM
NO OF STUDENTS INVOLVED : 50
TEACHERS IN CHARGE : BIOLOGY TEACHERS

## ആയുർരേഖ, പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.

ആരോഗ്യ സംരക്ഷണം ,പരിസ്ഥിതി സംരക്ഷണം

**EXPECTED OUTCOME**

- ആരോഗ്യ ശീലങ്ങളെ കുറിച്ച് ബോധവാന്മാരാകുന്നു
- പരിസ്ഥിതി സംരക്ഷണം
- മാലിന്യ സംസ്കരണം

**PROCESS**

കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു . തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ്

BUDGET : 5000 (PTA)(NATIONAL GREEN CORPS)
DURATION : JULY TO FEBRUARY
DATE : 20.7.2025
VENUE : SCHOOL COMPOUND
NO OF STUDENTS INVOLVED : 50
TEACHERS IN CHARGE : BIOLOGY TEACHERS

## നേരറിവ്

അനുഭാവാധിഷ്ഠിത പഠനം

**EXPECTED OUTCOME**

- സഹകരണം
- സഹവർത്തിത്വം

GMMGHSS PALAKKAD

**PROCESS**

ശാസ്ത്രജ്ഞന്മാരുമായി സംവാദം. പഠന യാത്ര

BUDGET : 5000 (SCIENCE CLUB)

DURATION : ACADEMIC YEAR

NO OF STUDENTS INVOLVED : 50

TEACHERS IN CHARGE : BIOLOGY TEACHERS

GMMGHSS PALAKKAD

# ഭൗതികശാസ്ത്രം

## സയൻസ് ക്ലബ്ബ് രൂപീകരണം

**Expected outcome**

* കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുക
* കുട്ടികളിൽ ആത്മവിശ്വാസം ഉയർത്തുക
* ശാസ്ത്രനേട്ടങ്ങളെ കുറിച്ചുള്ള ലോകോത്തര വിജ്ഞാനം രൂപീകരിക്കുക

**Process**

* പ്രമുഖ വ്യക്തിയെ പങ്കെടുപ്പിച്ച് ശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം നിർവഹിക്കുന്നു.
* കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുന്ന ചില പരീക്ഷണങ്ങൾ കാണിക്കുന്നു

**Duration**

ജൂൺ ആദ്യവാരം

ബഡ്ജറ്റ്. :2000

Venue : സ്കൂൾ assembly

Number of students involved : All students

Teacher in charge : Science teachers.

## ചാന്ദ്രദിന പ്രവർത്തനങ്ങൾ

1. ചാന്ദ്ര ദിന ക്വിസ്
2. ചാന്ദ്ര ദൗത്യങ്ങളെ കുറിച്ചുള്ള Power Point പ്രസന്റേഷൻ.
3. ചാർട്ട് പ്രദർശനം
4. VSSR സന്ദർശിച്ച കുട്ടി കളുമായുള്ള interactive session.

**Expected outcome**

1. കുട്ടികളിൽ ബഹിരാകാശ ദൗത്യങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു.
2. ശാസ്ത്ര കൗതുകം വളർത്തുന്നു.
3. leadership quality നേടിയെടുക്കുന്നതിന്

**process**

1. താത്പര്യം ഉള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സയൻസ് അധ്യാപകർ ക്വിസ് നടത്തുന്നു.
2. PowerPoint presentation ഉം ചാർട്ടുകളുടെ പ്രദർശനവും ഹാളിൽ നടത്തുന്നു.
3. Interactive session സ്കൂൾ assembly ൽ നടത്തുന്നു.

Duration : one week

budget 3000

Date : ജൂലൈ 19 മുതൽ 26 വരെ

venue : Smart room & Assembly

No of students involved: All students

Teachers in charge : All science teachers.

GMMGHSS PALAKKAD

## തനത് പ്രവർത്തനം

ഗൃഹ വൈദ്യതീകരണ ശില്പശാല

### Expected Outcome

1. തൊഴിൽ നൈപുണി വളർത്തുന്നു

2. ആത്മവിശ്വാസം വളർത്തുന്നു

3. വീടുകളിലെ വൈദ്യുതീകരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു

### process

സയൻസ് ക്ലബ്ബിലെ 50 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് Smart റൂമിൽ വച്ച് ശില്പശാല നടത്തുന്നു.

Duration. :August 11 &12

Budget :10000

venue : Smart room

No of students involved : 50

Teacher in charge : All science teachers.

# Field Trip to IRTC, Mundur

### Expected Outcome

1 ശാസ്ത്രീയ കണ്ടെത്തലുകൾ മനുഷ്യ പുരോഗതിക്കായി ഉപയോഗിക്കുന്നത് തിരിച്ചറിയുന്നു

2 സഹകരണ മനോഭാവം, നേതൃത്വപാടവം എന്നിവ കുട്ടികളിൽ വളർത്തുന്നു

3 ശാസ്ത്ര മനോഭാവവും അഭിരുചിയും വളർത്തുന്നു

### Process

Science Cub അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് Mundur IRTC യിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു

Duration : 1 day

Budget : 3000/-

No of students involved :50

Teachers in charge :All science teachers

# Science Fair പ്രവർത്തനങ്ങൾ

### Outcomes.

1 ശാസ്ത്രീയ തത്വങ്ങളിൽ പ്രായോഗിക പരിശീലനം നേടുന്നു.

2 തൊഴിൽ നൈപുണി നേടുന്നു.

3 സഹകരണ മനോഭാവവും നേതൃത്വപാടവും ഉണ്ടാകുന്നു

GMGHSS PALAKKAD

**Process**

സ്കൂൾ ലെവൽ ശാസ്ത്രമേള നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നു

Duration : ജൂലൈ 30

ബഡ്ജറ്റ് :2000

Venue : school hall

No of students:Participants

Teacher in charge : Science teachers

GMMGHSS PALAKKAD

# ഗണിതം

## ഓറിയന്റേഷൻ ക്ലാസ്

ഗണിതമേളയിലെ ഓരോ ഇനങ്ങളെയും കുറിച്ച് ഗണിത അദ്ധ്യാപകർ ക്ലബ്ബിലെ അംഗങ്ങൾക്കും താല്പര്യമുള്ള കുട്ടികൾക്കും ക്ലാസ് എടുക്കുന്നു.

**Expected Outcome:**

ഗണിത ക്ലബ്ബിനെ കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകുന്നു.ഗണിതമേളയിലെ ഓരോ ഇനത്തെക്കുറിച്ചും കുട്ടികളിൽ കൃത്യമായ ധാരണ ഉണ്ടാവുന്നു.

**Process:**

ഗണിത ക്ലബ്ബിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കട്ടികളും ഗണിതമേളയിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികളും എല്ലാ ഗണിതശാസ്ത്ര അദ്ധ്യാപകരുടെയും സാന്നിധ്യത്തിൽ സ്മാർട്ട് റൂമിൽ 13/06/2025 ന് ഒരുമിച്ച കൂടുന്നു. 630000 കുട്ടികളോടും സംവദിക്കുന്നതിലൂടെ ഗണിതശാസ്ത്ര്രമേളയുടെ പരിചയപ്പെടുത്തുന്നു. ഇനങ്ങളും കുട്ടികൾക്ക്

Budget : 200
Duration : 3hrs.
Date : 13/06/2025
Venue :Smart Room
No of Students Involved: 470
Teachers in Charge: Viji

## പാസ്കൽ ദിനാഘോഷം

ഗണിത ശാസ്ത്രജ്ഞൻ പാസ്കലിനെക്കുറിച്ചും, അദ്ദേഹത്തിന്റെ പാസ്ക്കൽ ട്രയാങ്കിളിന്റെ പ്രാധാന്യത്തെക്കുറിച്ചും മനസ്സിലാക്കികൊടുക്കാനുള്ള ഒരു പരിപാടി. കുട്ടികൾക്ക്

**Expected Outcome:**

ഗണിതശാസ്ത്രജ്ഞൻ പാസ്കലിനെക്കുറിച്ചും, അദ്ദേഹത്തിന്റെ പാസ്കൽ ട്രയാങ്കിളിനെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകുന്നു.

**Process:**

മുൻകൂട്ടി തിരഞ്ഞെടുത്ത ട്രെയിനിങ് നൽകിയ 10, 9, 8 ക്ലാസുകളിലെ വിദ്യാർത്ഥികളെ 15 ടീം ആക്കി വിഭജിച്ചു. ഓരോ ടീമിലും അഞ്ചു വീതം വിദ്യാർത്ഥികൾ. അവർ പാസ്കലിനെക്കുറിച്ചും പാസ്കൽ ട്രയാങ്കിളിനെ കുറിച്ചും ചാർട്ടുകളിൽ വരച്ച് അവർക്കു നൽകിയിട്ടുള്ള ക്ലാസുകളിലേക്ക് പോയി ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുക്കുന്നു.

Budget : 1250
Duration : 3hrs
Date : 19/06/2025
Venue :Classrooms

GMGHSS PALAKKAD

No of Students Involved: 75

## ഒന്നും ഒന്നും ഇമ്മിണി ബല്ല്യ ഒന്ന്

കുട്ടികൾക്ക് വേണ്ടി നിലനിർണയ പരീക്ഷ നടത്തി അവർക്ക് ഏതു ചതുഷ്ക്രിയകൾ ആണ് ഏറ്റവും പ്രയാസകരം അത് എളുപ്പമാക്കാൻ വേണ്ടിയുള്ള പരിപാടി

**Expected Outcome:**

ചതുഷ്ക്രിയകൾ ഏറ്റവും നന്നായി മനസ്സിലാക്കുക

**Process:**

കുട്ടികൾക്ക് ചതുഷ്ക്രിയയുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ നൽകി അവർക്ക് കൂടുതൽ എളുപ്പത്തിൽ ചെയ്യാനുള്ള രിതികൾ പരിചയപ്പെടുത്തി കൊടുക്കുന്നു.

Budget : 5000
Duration :4 months.
Date July October
Venue :Classroms
No of Students Involved: 1250
Teachers in Charge :Sathyabhama

## വരയും കളിയും

വ്യത്യസ്ത ഗണിതരൂപങ്ങൾ ക്രിയേറ്റീവ് കോർണറുമായി സഹകരിച്ച് നിർമ്മിക്കുന്നു.

**Expected Outcome:**

വിദ്യാർത്ഥികൾ ഗണിത രൂപങ്ങളുമായി പരിചിതരാവുന്നു.

**Process:**

സ്കൂളിലെ ക്രിയേറ്റീവ് കോർണറുമായി സഹകരിച്ച് വ്യത്യസ്ത ഗണിതരൂപങ്ങൾ പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നു.

Budget : 3000
Duration : 5 hrs
Date: :23/07/2025
Venue :Garden Room and Varande
No of Students Involved : 240
Teachers in Charge : Balaram, Shahidha

## മെഗാ ക്വിസ്

ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥികളിൽ നിന്നും വ്യത്യസ്ത ഘട്ടങ്ങളിലൂടെ കുട്ടികളെ തിരഞ്ഞെടുത്ത് കൃത്യമായ ട്രെയിനിങ്ങിനു ശേഷം ഒരു മെഗാ ക്വിസ് സംഘടിപ്പിക്കുന്നു

**Expected Outcome:**

GMMGHSS PALAKKAD

വ്യത്യസ്ത ഗണിതാശയങ്ങൾ പഠിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. കുട്ടികളിൽ ഗണിതത്തോടുള്ള അഭിരുചിയും അറിവും താൽപര്യവും വർധിക്കാൻ സഹായിക്കുന്നു

**Process:**

ഓരോ ക്ലാസിലെയും ഗണിത അദ്ധ്യാപകർ അവരുടെ ക്ലാസിലെ ഒരു ക്ലാസ്സ്‌തല ക്വിസ് മത്സരം നടത്തി ഉന്നത മാർക്ക് നേടുന്ന മൂന്ന് കുട്ടികളെ കണ്ടെത്തുന്നു.ക്ലാസ്സ്‌തല മത്സരത്തിൽ നിന്നും തിരഞ്ഞെടുത്ത വിജയികൾക്കിടയിൽ 8, 9,10 ക്ലാസിലെ കുട്ടികൾക്ക് പ്രത്യേകമായി സ്റ്റാൻഡേർഡ് വൈസ് കിസ് നടത്തുന്നു. ഓരോ സ്റ്റാൻഡേർഡിൽ നിന്നും അഞ്ച് വിജയികളെ തിരഞ്ഞെടുക്കുന്നു. ഇതിൽ വിജയിച്ചു വരുന്ന കുട്ടികളെ ഫൈനൽ റൗണ്ടിന് വേണ്ടി ആദ്യം സജ്ജരാക്കുന്നു. അതിന് കൃത്യമായ ട്രെയിനിങ്ങും നൽകുന്നതാണ്. ഓഡിയൻസ് ആയി ഗണിത ക്ലബ്ബിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഫൈനൽ റൗണ്ട് നടത്തപ്പെടുക.

Budget : 1000
Duration : 4 months.
Date :July-October
Venue : classrooms
No of Students Involved :All Students
Teachers in Charge :Harikrishnan, Sujatha

## മാത്സ് വർക്ക് ഷോപ്പ്

വിദ്യാർത്ഥികൾക്ക് ഗണിതപഠനം എളുപ്പമാക്കാൻ സാധിക്കുന്ന വിധത്തിൽ ഉപകരിക്കുന്ന പാന ഉപകരണങ്ങളുടെയും മോഡൽസിന്റെയും ശില്പശാലയും അതിൽ നിന്ന് നിർമ്മിക്കുന്ന പഠനോപകരണങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നു.

**Expected Outcome:**

എല്ലാ വിദ്യാർത്ഥികളും ഗണിത ആശയങ്ങളും പഠന ഉപകരണങ്ങളും പരിചയപ്പെടുന്നു

**Process:**

നമ്മുടെ സ്കൂളിലെ വിവിധ ക്ലാസുകളിൽ നിന്നും കുട്ടികളെ സെലക്ട് ചെയ്ത് അവർക്ക് 63003 ഗണിത ശില്പശാല സംഘടിപ്പിക്കുകയും അതിൽനിന്നും നിർമ്മിക്കുന്ന പഠന ഉപകരണങ്ങൾ എല്ലാവർക്കും കാണുവാൻ ഒരു പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യുന്നു.

Budget : 5000
Duration : 2 days
Date :21/11/2025
Venue : Smart Room & Garden Room
Teachers in Charge : Meera, Mary Ambili, Vidhya

## മാത്സ് ക്ലിനിക്

കുട്ടികളുടെ പരീക്ഷാ പേടി മാറ്റുന്നതിന് വേണ്ടി ചോദ്യപേപ്പർ ഘടന പരിചയപ്പെടുത്തുന്ന ഒരു പരിപാടിയാണ്

GMMGHS PALAKKAD

**Expected Outcome:**

എല്ലാ വിദ്യാർത്ഥികളും ചോദ്യപേപ്പറിൻ്റെ ഘടനയെ കുറിച്ച് ബോധ്യവാന്മാരാക്കുക.

**Process:**

ക്ലാസ് അദ്ധ്യാപകർ അതാത് ക്ലാസുകളിൽ മുൻകാല ചോദ്യപേപ്പർ പരിചയപ്പെടുത്തി കൊടുക്കുന്നു. തുടർന്ന് കുട്ടികളോട് മാതൃകയിലുള്ള ചോദ്യപേപ്പർ നിർമ്മിക്കാൻ ആവശ്യപ്പെടുകയും അതിന്റെ ഉത്തരങ്ങൾ കണ്ടെത്താനും പറയുന്നു.

Budget : 3000
Duration : 3 months
Date :August, November, February
Venue :Classrooms
No of Students Involved : All Students
Teachers in Charge : All Mathematics Teachers

# രാമാനുജൻ മാജിക് സ്ക്വയർ

ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞൻ ശ്രീ ശ്രീനിവാസ രാമാനുജനെക്കുറിച്ചും അദ്ദേഹം അവതരിപ്പിച്ച മാജിക് സ്ക്വയറിനെക്കുറിച്ചും കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു

**Expected Outcome**

ഗണിതശാസ്ത്രജ്ഞൻ രാമാനുജനെ കുറിച്ചും അദ്ദേഹത്തിന്റെ മാജിക് സ്ക്വയറിനെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകുന്നു.

**Process**

മുൻകൂട്ടി തിരഞ്ഞെടുത്തു ട്രെയിനിങ് നൽകിയ വിദ്യാർത്ഥികളെ 15 ടീം ആക്കി വിഭജിച്ചു. ഓരോ ടീമിലും അഞ്ചു വീതം വിദ്യാർത്ഥികൾ. അവർ ശ്രീനിവാസ രാമാനുജനെ കുറിച്ചും മാജിക് സ്ക്വയറിനെ കുറിച്ചും ചാർട്ടുകൾ വരച്ച് അവർക്കു നൽകിയിട്ടുള്ള ക്ലാസുകളിലേക്ക് പോയി ഈ വിഷയത്തെക്കുറിച്ച് ക്ലാസ് എടുക്കുന്നു. ആ ക്ലാസ് ടീച്ചറുടെ ജനന തീയതി ഉപയോഗിച്ച് അവിടെ വെച്ച് തന്നെ മാജിക് സ്ക്വയർ ബോർഡിൽ എഴുതി നൽകുന്നു. എല്ലാ വിദ്യാർത്ഥികളോടും അവരുടെ ജനനത്തീയതി ഉപയോഗിച്ച് മാജിക് സ്ക്വയർ ഉണ്ടാക്കാൻ പറയുകയും ചെയ്യുന്നു

Budget : 1000
Duration : 3hrs
Date :10/10/2025
Venue : Classrooms

# ACADEMIC MASTER- PLAN IT

## ഹൈടെക് ക്ലാസ്സ്മുറികൾ

കൂടുതൽ ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുന്നതിന് വേണ്ട പ്രവർത്തങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു.

**PROCESS**

പൂർവവിദ്യാർത്ഥികൾ,ജനപ്രതിനിധികൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ ബാക്കിയുള്ള ക്ലാസ്സ്മുറികൾ ഹൈടെക് ആക്കാനുള്ള പ്രവർത്തനം

**EXPECTED OUTCOME**

പഠനം കൂടുതൽ സുഗമവും ആയാസകരവും ആവുന്നു.പഠനപ്രവർത്തങ്ങളോട് കുട്ടികൾക്ക് കൂടുതൽ ആഭിമുഖ്യം ഉണ്ടാകുന്നു .

BUDGET : 5 LAKHS
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : HIGH SCHOOL AND UP CLASS ROOMS

## സ്കൂൾ പത്രം /മാഗസിൻ

**PROCESS**

സ്കൂൾ ഐ ടി ക്ലബ്, ലിറ്റിൽ കൈറ്റ്സ് എന്നിവരുടെ സഹായത്തോടെ ഒരു സ്കൂൾ പത്രം അല്ലെങ്കിൽ മാഗസിൻ നിർമ്മാണം

**EXPECTED OUTCOME**

കുട്ടികൾക്ക് ആശയസമ്പാദനത്തിലും വിശകലനത്തിലും ഉള്ള കഴിവുകൾ വർദ്ധിക്കുന്നു. .സംഘാടനമികവ് നേടുന്നു .ടൈപ്പിംഗ് സ്കിൽ, ലേ ഔട്ട് പേജ് സെറ്റ് അപ്പ് ,പുസ്തക പ്രസിദ്ധീകരണം എന്നിവയിൽ ഉള്ള അറിവ് നേടുന്നു.

BUDGET : 2000
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : HIGH SCHOOL AND UP CLASS

## ഹൈടെക്ക് വർക്ക്ഷോപ്പ്

**PROCESS**

AURDINO കിറ്റ്, റോബോട്ടിക്സ് എന്നിവ അടിസ്ഥാനമാക്കി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക

GMMGHSS PALAKKAD

**EXPECTED OUTCOME**

നൂതന സാങ്കേതിക വിദ്യയിൽ മികവും നൈപുണ്യവും നേടുന്നു .ഐ ടി മേഖലയിലെ നവീന തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അവബോധം ഉണ്ടാവുന്നു. സ്പേസ് ടെക്നോളജിയും റോബോട്ടിക് എഞ്ചിനീയറിംഗ് തുടങ്ങിയ പഠനമേഖലകളിൽ അഭിരുചിയും താൽപ്പര്യവും ഉണ്ടാവുന്നു .

BUDGET : 2000
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : SMART ROOM,IT MAIN LAB

## ഡോക്യൂമെന്റ്ഷൻ

**PROCESS**

സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെയും പാഠ്യേതര പ്രവർത്തനങ്ങളുടെയും ഫോട്ടോ വീഡിയോ ഡോക്യൂമെന്റ്ഷൻ ,ഓൺലൈൻ അപ്ലോഡിങ്.

**EXPECTED OUTCOME**

ക്യാമെറ കൈകാര്യം ,വീഡിയോ എഡിറ്റിംഗ് എന്നിവയിൽ നൈപുണി നേടുന്നു.
സംഘാടനമികവ് നേടുന്നു

BUDGET : 2000
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : SCHOOL COMPOUND

## ഐ ടി ഹെല്പ് ഡെസ്ക്

**PROCESS**

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ഉപയോഗിച്ച് ദൈനം ജീവിതത്തിലെ ഇ - സർവീസ് മേഖലകൾ, പഠന രംഗങ്ങൾ, തൊഴിൽ രംഗങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നു.

**EXPECTED OUTCOME**

പൊതുവിജ്ഞാനം ,ജീവിതനൈപുണികൾ ,സാമൂഹികാവബോധം എന്നിവ നേടുന്നു.
സംഘാടനമികവ് നേടുന്നു.

BUDGET : 2000
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : SCHOOL COMPOUND

GMMGHSS PALAKKAD

# ബോധവൽക്കരണപ്രവർത്തനങ്ങൾ

## PROCESS

സൈബർ ബോധവൽക്കരണം ,ലഹരി വർജ്ജനം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് സ്കൂളിലും സമീപ സ്കൂളുകളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുക. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സാമൂഹിക മാധ്യമങ്ങൾ നല്ലരീതിയിൽ ഉപയോഗിക്കുന്നതിനെ ക്കുറിച്ചും,ലഹരിവിരുദ്ധസമൂഹം വാർത്തെടുക്കുന്നതിന്റെ ആവശ്യകതയെത്തെക്കുറിച്ചും ബോധവൽക്കരണം ഉതകുന്ന റീലുകൾ, ഷോർട്ട്ഫിലിമുകൾ എന്നിവ നിർമ്മിക്കുക.

## EXPECTED OUTCOME

പൊതുവിജ്ഞാനം ,ജീവിതനൈപുണികൾ ,സാമൂഹികാവബോധം എന്നിവ നേടുന്നു.
സംഘാടനമികവ് നേടുന്നു.

BUDGET : 50000
DURATION : JUNE – DECEMBER
DATE :15/06/25 ONWARDS
VENUE : SCHOOL COMPOUND

GMMGHSS PALAKKAD

# ആരോഗ്യ കായിക വിദ്യാഭ്യാസം.

**മേഖല :** ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം :** കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല :**1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യകായികഅവബോ ധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി, യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എ ന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാ ന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫല മായുള്ള, അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യ ക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ, ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാ തീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"പ്രമേഹം" എന്ന മഹാമാരി ഭീഷണി ഉയരു ന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പി ടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽ കൃതമായ ജീവിതശൈലിയിൽ, കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തി ന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗി കൾ എന്ന് സർവ്വേ ഫലം (ന്യൂഡൽഹി) ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്-ഇന്ത്യ ഡയബറ്റിസ്(ICMR-INDIAB ) നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടി ആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും, 31.5 കോടി ആളുകൾക്ക് ഉയർന്ന രക്ത സമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബി ആയ അസുഖങ്ങളുടെ ( NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തു ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്. 25.4 കോടി ആളുകളിൽ പൊണ്ണത്തടി, 35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണ ത്തടി,21.3 കോടി ആളുകൾക്ക് ഉയർന്ന കൊളസ്ട്രോൾ (ഹൈപ്പർകൊളസ്ട്രോ ലീമിയ) 18.5 കോ ടി ആളുകൾക്ക് ഉയർന്ന LDL

കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർ വ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം, പുതുച്ചേരി, ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠ നം പറയുന്നു. പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാ ണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടാ യിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതി ച്ചുചാട്ടമുണ്ടായത്. 2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേ ക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക് ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു. 2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇ വരിൽ 33 537 പേർ നഗരവാസികളും, 79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാ ഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തി യത്.മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പാ നത്തിൽ പറയുന്നത്. "ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻട്രോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളി ൽ ഏർപ്പെടുന്നതിൻ്റെ തോത് വളരെകുറവാണ്.

## സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.

**ലക്ഷ്യം:**-കായികക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം:-

*yoga

*സൈക്കിൾ

*കിഡ്സ് അത്ലറ്റിക്സ് ആൻഡ് അത്ലറ്റിക്സ്

*മേജർ ഗെയിം -വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ, etc

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

**യോഗ:**-5,6,7 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് മേ ഗ ചെയ്യണം.2024 ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റി

ച്ചിരിക്കുന്നു. യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| **യോഗ ഉപകരണങ്ങൾ** | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| Total | | | | 8900 |

**സൈക്കിൾ:-**ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു. ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, റിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പ ഷിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിൽ ശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 9000 | 4 | 36000 |
| Total | | | | 36000 |

**കിഡ്സ് അത്ലറ്റിക്സ് & അത്ലറ്റിക്സ്.**

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലേഡർ (50cm സ്ക്വയർ )5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm 60cm | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |

GMMGHSS PALAKKAD

| | | | | |
|---|---|---|---|---|
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| Total | | | | 15550 |

## മേജർ ഗെയിം.

ഓഗസ്റ്റ്,സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കു ന്നു. പ്രധാനമയി വോളിബോൾ ഫുട്ബോൾ ഷട്ടിൽ etc എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

# ഫുട്ബോൾ

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത് .,പുറമെനിന്നും ഒരു കോച്ചി ന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്യു . ഇതിന്റെ ഫണ്ട്, പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും, പി.ടി.എ, യിൽ നിന്നും,മറ്റ് സ്പോൺ സർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്ക ളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| Total | | | | 35500 |

# ഷട്ടിൽ ബാഡ് മിന്റൺ

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | വോളിബോൾ | 780 | 4 | 3120 |
| 2 | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| 3 | Hand ball | 850 | 5 | 4250 |
| 4 | Hand ball post | 5000 | 2 | 10000 |

GMMGHS PALAKKAD

| | | | | |
|---|---|---|---|---|
| 5 | Hand ball net | 450 | 2 | 900 |
| 6 | Ball badminton racket | 900 | 10 | 9000 |
| 7 | Ball badminton net | 3000 | 1 | 3000 |
| 8 | Ball badminton ball | 1600 | 2 | 3200 |
| 9 | Shuttle badminton racket | 600 | 10 | 6000 |
| 10 | Shuttle badminton net | 500 | 2 | 1000 |
| 11 | Shuttle badminton cock | 1200 | 5 | 6000 |
| 12 | Tennis racket | 3000 | 4 | 12000 |
| 13 | Tennis net | 5000 | 1 | 5000 |
| 14 | Tennis ball | 1000 | 2 | 2000 |
| 15 | ഖോ-ഖോ പോസ്റ്റ് | 5000 | 2 | 10000 |
| Total | | | | 76720 |

## <u>**മൈനർ ഗെയിം**</u>

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു.ജൂൺ, ജൂലൈ ഓ ഗസ്റ്റ് മാസങ്ങളിൽ സ്കൂളിൻ്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും, അല്ലാതെയും, താളാത്മകമായി ഏയ്റോബ്ബിക്സ് എക്സർസൈസുകൾ നിശ്ചി ത സമയം ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| സാമ്പത്തിക അവലോകനം | | |
|---|---|---|
| | ഇനങ്ങൾ | Epenses |
| 1 | **യോഗ** | 8900 |
| 2 | സൈക്കിൾ | 36000 |
| 3 | കിഡ്സ് അത്ത് ലറ്റിക് സ് | 15550 |
| 4 | ഫുട്ബോൾ | 35500 |
| 5 | മേജർ ഗെയിം | 76720 |
| Total | | 172670 |

GMMGHSS PALAKKAD

## ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്. ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്. റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാല ഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും, കാൽനടയാ ത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്ര ലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയകളി കളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെകാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

## പ്രവർത്തനങ്ങൾ.

വാർത്ത, കൊളാഷ് വിശകലനം.
സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.
ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം
ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ അടയാള വിളക്കുകൾ ചർച്ച
വാഹനം ഓടിക്കാം കളി തുടങ്ങിയവ
മോണിറ്ററിംഗ്.

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്‌റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

ജനറൽ കൺവീനർ:PREEJA P P (HM)

കൺവീനർ : PRADEEP K (H&PET)

ജോയിന്റ് കൺവീനർ : RAVI AROCIARA

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും, ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം

GMGHSS PALAKAD

# പ്രവൃത്തിപരിചയം

*Documentary _ കൃഷിയിൽ മുഴുവൻ കുട്ടികളെയും പഠന അനുഭവങ്ങളുടെ ഭാഗമാക്കൽ
*Expected Out Come- കാർഷികപ്രവർത്തനങ്ങളിൽ താൽപര്യം ഉണ്ടാക്കുന്നു
*Process- വിവിധതരം പുഷ്പകൃഷിരീതികൾ പരിചയപ്പെടുത്തൽ, വിവിധതരം പുഷ്പാലങ്കാര രീതി, ബൊക്കെ നിർമ്മാണം.

* Duration - 1 year
*Budget - 2000
*Date - June, July, August
*Venue - School
No of students involved- As per UP& HS
Teachers in Charge- IVY FERNNDEZ

**പാഴ് വസ്തു പരിപാലനം പൈതൃക മാലിന്യത്തിന്റെ പരിപാലനത്തിനുള്ള നവീന രീതികളെക്കുറിച്ച് ധാരണ നേടുന്നു.**

*Expected outcome
നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ.
*Process
പൈതൃക മാലിന്യ രൂപീകരണ ത്തിനുള്ള സാമൂഹിക പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുകയും ബോധവൽക്കരണം പ്ലാസ്റ്റിക് പുനരുപയോഗ നിർമ്മാണം.

*Duration - one year
*Budget -2000
*Date - June to March

**പ്ലംബിംഗ് , ട്രിപ്പ്ഇറിഗേഷൻ സംവിധാനത്തിലൂടെ കൃഷിയിടങ്ങളിൽ ജലം എത്തിക്കാനുള്ള പ്രായോഗിക പരിശീലനം നേടുക,**
**പതാക നിർമ്മാണം**
*Expected outcome
കാർഷികവൃത്തിയോടുള്ള താൽപര്യം
*Process
ട്രിപ്പ് ഇറിഗേഷൻ ചെയ്യുന്ന രീതി സ്കൂളിൽ നടപ്പാക്കുന്നു. സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട ഫ്ലാഗ് നിർമ്മാണ പ്രവർത്തനം നടപ്പാക്കുന്നു.

*Duration -one year
*Budget -3000
*Date -July to August

**ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്**

*Expected outcome
ഇലക്ട്രിക് പ്രവർത്തനങ്ങളിൽ താൽപര്യം

*Process
LED ബൾബ് നിർമ്മാണം

*Duration-one year
*Budget- 3000
*Date -August to September

**പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി ബൈൻഡിങ് പുസ്തക നിർമ്മാണം കാരിബാഗ് പരിശീലനം**

*Expected outcome
സ്വയംതൊഴിൽ കണ്ടെത്താനുള്ള താൽപര്യം
*Process
വിവിധതരത്തിലുള്ള പുസ്തക നിർമ്മാണം( വൈൻഡിങ് ചെയ്യു) ഓഫീസ് ഫയൽ നിർമ്മാണം, ക്യാരിബാഗ് നിർമ്മാണം.

*Duration -one year
*Budget -2500
*Date -October

**വിനോദം, കരകൗശലം, വിവിധതരം അലങ്കാര പൂക്കളുടെ നിർമ്മാണം.**

*Expected outcome
കരകൗശല പ്രവർത്തനങ്ങളിൽ താൽപര്യം
*Process
വാൾ ഹാങ്ങർ, സ്റ്റഫ് ടോയ്സ്, കീചെയിൻ നിർമ്മാണം ,സ്റ്റാർ നിർമ്മാണം
*Duration -one year
*Budget -2000
*Date -October to November

GMMGHSS PALAKKAD

**വസ്ത്രങ്ങളിൽ വിവിധതരം അലങ്കാര പ്രവർത്തനങ്ങൾ നടത്തുന്നു.**

***Expected outcome**

എംബ്രോയിഡറി പ്രവർത്തനങ്ങളിൽ താൽപര്യം

***Process**

എംബ്രോയിഡറി, ഫാബ്രിക് പെയിൻറിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, ഗാർമെൻറ് മേക്കിങ് ,ബാഗ് മേക്കിങ്.

*Duration -one year
*Budget -3000
*Date -November, December, January

## ഭക്ഷ്യ വ്യവസായം- വിവിധതരം ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളും നിർമ്മിക്കുന്നതിന് പരിശീലിപ്പിക്കുന്നു.

*Expected outcome

ഭക്ഷണം തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ താൽപര്യം ഉണ്ടാക്കുന്നു

*Process

വിവിധതരം സ്ക്വാഷ് നിർമ്മാണം ,
ലഘു പലഹാരങ്ങൾ, കേക്ക് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം.

*Duration -one year
*Budget -3000
*Date - January, February

GMMGHSS PALAKKAD

# ആർട്ട് എഡ്യുക്കേഷൻ / സംഗീതം

## സ്വാഗത ഗാനം , നൃത്തശില്പം

Expected outcome

കുട്ടികൾക്ക് സ്കൂളിൻറെ മികവകളെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയുന്നു വിവിധ തരത്തിലുള്ള സംഗീത ഉപകരണങ്ങൾ ഉൾപ്പെടുത്തിയ ഗാനമാണ് കുട്ടികൾ നൃത്ത പരിശീലനത്ത പരിശീലനത്തിലൂടെ അവതരിപ്പിക്കുവാൻ കഴിയുന്നു

Process

ഹൈസ്കൂൾ വിഭാഗത്തിലെ നൃത്തത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടുപിടിക്കുകയും അവർ അത് പരിശീലിച്ച് പ്രവേശനോത്സവ ദിവസം അവതരിപ്പിക്കുന്നു

Budget. 4000
Duration. 1 year
Month date June 2
Venue. Main stage
No of students involved. HS

## പരിസ്ഥിതി ദിനം

Expected outcome

പരിസ്ഥിതി ഗാനം പഠിക്കുന്നു പരിസ്ഥിതിയെ കുറിച്ച് മനസ്സിലാക്കുകയും പ്രകൃതിവന്ദനം എന്ന രീതിയിൽ അസംബ്ലിയിൽ ഒരു പരിസ്ഥിതി ഗാനം അവതരിപ്പിക്കുകയും ചെയ്യുന്നു

Process

പരിസ്ഥിതി ദിനത്തിൽ പ്രകൃതിയെക്കുറിച്ച് പറയുന്ന ഗാ നം എഴുതി സംഗീതം നൽകി കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി അസംബ്ലിയിൽ അവതരിപ്പിക്കുവാൻ തയ്യാറാക്കുന്നു

Budget. Nil
Duration. 1 hour
Date June 5
Venue main stage
No of students involved HS

# Prayer group

GMMGHSS PALAKKAD

**Expected outcome**

കുട്ടികൾ പ്രാർത്ഥനാ ഗാനങ്ങൾ പാടുവാൻ പരിശീലിക്കുന്നു

**Process**

കുട്ടികളെ കണ്ടെത്തി നാലോ അഞ്ചോ prayer ഗ്രൂപ്പുകൾഉണ്ടാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു

## സംഗീത ദിനം

**Expected outcome**

പാടുന്ന കുട്ടികളെ കണ്ടെത്തി ഒരു മ്യൂസിക് ബാൻഡ് "മൽഹാർ മ്യൂസിക് ബാൻഡ് "എന്ന പേരിൽ രൂപീകരിക്കാനുള്ള തയ്യാറെടുപ്പ്കുട്ടികൾക്ക് വ്യത്യസ്ത സംഗീതശൈലിയിലുള്ള ഗാനങ്ങൾ അവതരിപ്പിക്കാനുള്ള ആത്മവിശ്വാസം ഉണ്ടാകാൻ സഹായിക്കുന്നു
അതുപോലെ വേദികളിൽ അവതരിപ്പിക്കാനുള്ള കഴിവ് നേടുകയും ചെയ്യുന്നു

**Process**

മികച്ച പാടുന്ന കുട്ടികളെ കണ്ടെത്തുകയും അതോടൊപ്പം അവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു ഇതിൻറെ തുടർനടപടികളായി വാദ്യോപകരണങ്ങൾവായിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും അവരെ ഈ ഗ്രൂപ്പിലേക്ക് സംഘടിപ്പിക്കുകയും ചെയ്യണം

| | |
|---|---|
| Budget | 5000 |
| Duration | 1 year |
| Date | June 21 |

## ചിത്രപ്രദർശനം

**Expected outcome**

കുട്ടികളുടെ മികച്ച ചിത്രരചനകൾ പ്രദർശനത്തിന് തയ്യാറാക്കുന്നു കുട്ടികൾ വാർലി ചിത്രരചനാ ശൈലിയിൽ വരച്ച് തയ്യാറാക്കുന്നു

**Process**

തനത് ചിത്രരചന ശൈലികൾ ക്ലാസ് മുറികളിൽ പരിചയപ്പെടുന്നു ചിത്രരചനയിൽ തൽപരരായ കുട്ടികളെ കണ്ടെത്തുകയും അതിൽനിന്ന് ചിത്ര പ്രദർശനത്തിന് തയ്യാറായവരെ ചിത്രപ്രദർശനത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു

| | |
|---|---|
| Budget | 1000 |
| Duration | 3hrs |
| Month | August |

GMGHSS PALAKKAD

# ദേശഭക്തിഗാനം

## Expected outcome

ദേശഭക്തിഗാനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു

## Process

കുട്ടികളെ കണ്ടെത്തി ദേശഭക്തിഗാനങ്ങൾ പരിശീലിപ്പിക്കുന്നു

| | |
|---|---|
| Budget | nil |
| Duration | 3hrs |
| Date | August 15, January 26 |

# സംഗീത ശില്പശാല

## Expected outcome

മ്യൂസിക് ബാൻഡിലെകുട്ടികളുടെ ഗാനവതരണം താളങ്ങളെക്കുറിച്ചും രാഗങ്ങളെക്കുറിച്ചും ഉള്ള വിവരണത്തിലൂടെകുട്ടികൾക്ക് അതിനെക്കുറിച്ച് ഒരു അറിവ് ഉണ്ടാക്കുവാൻ സാധിക്കുന്നു വ്യത്യസ്ത താളത്തിലുള്ള പാട്ടുകളെ കുറിച്ച് മനസ്സിലാക്കുന്നു മേളകർത്താ രാഗങ്ങൾ,ജന്യ രാഗങ്ങൾ തുടങ്ങിയ രാഗത്തിന്റെ വകഭേദങ്ങൾ ഉണ്ട് എന്ന്മനസ്സിലാക്കുന്നു

## Process

സംഗീതത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് ഒരു ഹാളിൽ വച്ച് ക്ലാസ്സ് സംഘടിപ്പിക്കുന്നു

| | |
|---|---|
| Budget | nil |
| Duration | 2hrs |
| Date | November |

GMMCHSS PALAKKAD

# ഉൾച്ചേർക്കൽ വിദ്യാഭ്യാസം

പൊതുവിദ്യാലയങ്ങളിൽ സാധാരണ ക്ലാസ് മുറികളിൽ ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ വിഭാഗം കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യം ഒരുക്കുന്നതിനെയാണ് ഉൾ ചേർക്കൽ വിദ്യാഭ്യാസം എന്ന് പറയുന്നത്.

## സ്ക്രീനിങ്

ശാരീരിക മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്നതോ പ്രത്യേക പരിഗണന അർഹിക്കുന്നതോ ആയ കുട്ടികളെ കണ്ടെത്തുന്ന രീതിയാണ് സ്ക്രീനിംഗ് .

Expected outcome

ഇത്തരം കുട്ടികളെ നേരത്തെ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിന്

## പ്രക്രിയ

സ്പെഷ്യൽ എഡ്യൂക്കേറ്റർ ക്ലാസ് മുറികളിൽ സർവ്വേ നടത്തി കുട്ടികളെ കണ്ടെത്തുന്നു ക്ലാസ് അധ്യാപകർ സംശയിക്കുന്ന കുട്ടികളെ സ്ക്രീനിങ് ആപ്പ് ആയ "പ്രശസ്റ്റ്" ൽ രേഖപ്പെടുത്തുന്നു.

**കാലാവധി** – ജൂൺ മാസത്തിലെ ആദ്യത്തെ രണ്ടാഴ്ച

No of students - all students
Teacher incharge - SUNITHA R, Special educator.

## മെഡിക്കൽ ക്യാമ്പ്

സ്ക്രീനിങ്ങിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് വിദഗ്ധ ഡോക്ടർമാരുടെ സേവനം മെഡിക്കൽ ക്യാമ്പിലൂടെ ഉറപ്പാക്കുന്നു.

**Expected outcome**

സഹായ പകർന്നു മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നു.

## പ്രക്രിയ

സ്ക്രീനിങ്ങിലൂടെ കണ്ടെത്തിയ കുട്ടികളെ വിദഗ്ധ ഡോക്ടർമാർ ഉൾപ്പെടുന്ന വൈദ്യ പരിശോധന ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു. ക്യാമ്പിൽ ഡോക്ടറുടെ നിർദ്ദേശാനുസരണം ഉപകരണങ്ങൾ ലഭ്യമാക്കുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന് അർഹതയുള്ള കുട്ടികളെ യു ഡി ഐ ഡി രജിസ്ട്രേഷന് സഹായിക്കുന്നു.

കാലാവധി – ജൂലൈ മാസം

GMGHSS PALAKKAD

# LD Camp

പഠന വൈകല്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി അവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ക്യാമ്പ് ആണ് ഇത്.

**Expected Outcome**

* പഠന വൈകല്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള പഠന പിന്തുണ നൽകുക.
* അർഹതപ്പെട്ട മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുക.

**പ്രക്രിയ**

ക്ലാസ് അധ്യാപകർ കണ്ടെത്തുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ സി ഡി സി സ്ക്രീനിങ് ടൂൾ ഉപയോഗിച്ച് വ്യക്തിഗതമായി സ്ക്രീൻ ചെയ്യുന്നു. കുട്ടികളോടും രക്ഷിതാക്കളോടും അവരുടെ പഠന പ്രശ്നങ്ങളെ കുറിച്ച് ശാസ്ത്രീയമായി വിശദീകരിക്കുന്നു. DEO യുടെ നേതൃത്വത്തിൽ നടക്കുന്ന L D ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നു.

## ഗൃഹ സന്ദർശനം

അധ്യാപകരും സ്പെഷ്യൽ എഡ്യൂക്കേറ്ററും ചേർന്ന് എല്ലാ ഭിന്നശേഷി കുട്ടികളുടെയും ഗൃഹ സന്ദർശനം നടത്തുന്നു.

**Expected Outcome**

* കുട്ടിയുടെ സാമ്പത്തിക സാമൂഹിക സ്ഥിതി മനസ്സിലാക്കാൻ സഹായിക്കുന്നു.
* രക്ഷിതാക്കൾക്ക് ആവശ്യമായ പിന്തുണ നൽകാൻ കഴിയുന്നു.
* കുട്ടിക്ക് നൽകുന്ന തുടർ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കുന്നു.

## ദിനാചരണങ്ങൾ

വിദ്യാലയത്തിൽ നടത്തുന്ന എല്ലാ ദിനാചരണങ്ങളിലും ഭിന്നശേഷി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

**Expected Outcome**

* ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു.
* വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാക്കുന്നത് കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.

## പ്രക്രിയ

ലോക ഭിന്നശേഷി ദിനം വൈറ്റ് കെയിൻ ദിനം തുടങ്ങിയ ദിനാചരണങ്ങളിൽ ഭിന്നശേഷി കുട്ടികളുടെ പ്രത്യേക പരിപാടി പരിശീലിപ്പിച്ച അവതരിപ്പിക്കുന്നു.

## പഠനോപകരണ നിർമ്മാണം

ഭിന്നശേഷി കുട്ടികൾക്ക് പാഠഭാഗം ലളിതമായി പഠിപ്പിക്കാൻ സഹായിക്കുന്ന അഡാപ്റ്റഡ് പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

## Expected outcome

* അക്കാദമിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കുന്നു.

GMOHSS PALAKKAD

* കുട്ടിയുടെ കഴിവിന് അനുസരിച്ചുള്ള പഠന പ്രക്രിയ നടക്കുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.
* കുട്ടിക്ക് അക്കാദമിക മികവ് സാധ്യമാകുന്നു.

## പ്രക്രിയ

വിഷയാ അധ്യാപകരുടെയും കുട്ടികളുടെയും സഹായത്താൽ വിവിധ വിഷയങ്ങളിലെ സാധ്യമാകുന്ന പാഠഭാഗങ്ങളിൽ അനുരൂപീകരണം നടത്തിക്കൊണ്ട് പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. രണ്ടുദിവസത്തെ ശില്പശാല നടത്തുന്നു.

**ബജറ്റ്** RS 10000/-

## പഠനയാത്ര

ഭിന്നശേഷി കുട്ടികൾക്ക് അറിവും ആഹ്ലാദവും പകർന്ന നൽകാൻ കഴിയുന്ന ചെറു യാത്രകൾ സംഘടിപ്പിക്കുന്നു.

# Expected Outcome

* അറിവ് വർദ്ധിക്കുന്നു
* ആശയവിനിമയശേഷി വർദ്ധിക്കുന്നു.
* ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു

## പ്രക്രിയ

സ്പോൺസർഷിപ്പ് കണ്ടെത്തുന്നു.

**ബജറ്റ്** 50000/-

## ബോധവൽക്കരണ ക്ലാസ്

രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

## Expected Outcome

വിവിധ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കുന്നു

## പ്രക്രിയ

തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**ബജറ്റ്** 10000/-

GMMGHSS PALAKKAD

# സൈക്കോ സോഷ്യൽ സർവ്വീസ് കൗൺസിലിംഗ്

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തെ ഗവൺമെൻറ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ സർവ്വീസ് കൗൺസിലിംഗ് സേവനം ഗവൺമെൻറ് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിച്ചുവരുന്നു

**2025-2026 വർഷത്തെ കർമ്മ പദ്ധതി**

വ്യക്തിഗത കൗൺസിലിംഗ്

ഗ്രൂപ്പ് കൗൺസിലിംഗ്

ഗ്രൂപ്പ് അവബോധവും പ്രവർത്തനങ്ങളും

രക്ഷാകർതൃ ക്ലാസുകൾ

രക്ഷകർത്താക്കൾക്കുള്ള കൗൺസിലിംഗ്

## ദിനാചരണം

**ജൂൺ 2025**

ഐസ് ബ്രേക്കിംഗ് പ്രവർത്തനങ്ങൾ സ്കൂൾ കൗൺസിലിംഗിന്റെ ആമുഖം ലക്ഷ്യ ക്രമീകരണം പ്രചോദന ക്ലാസുകൾ ബാലവേല നിരോധന ദിന പ്രതിജ്ഞ, പരിപാടികൾ മയക്കുമരുന്ന് വിരുദ്ധ ദിന പരിപാടി കുട്ടികളുടെ അവകാശങ്ങൾ, ബാലാവകാശ കമ്മീഷൻ

**ജൂലൈ 2025**

